# കർമ്മഫലങ്ങളും പുനർജന്മവും

## (ഒരു ശാസ്ത്രീയ വിവരണം)

ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018
www.iish.org

Heritage Publication Series -119

Scanned with CamScanner

# കർമ്മഫലങ്ങളും പുനർജന്മവും

**Dr. N. Gopalakrishnan,** M.Sc. (Pharm), M.Sc. (Chem.) M.A. (Soc.), Ph.D, D.Litt
(Scientist, [redacted] & Hon Director, Indian Institute of Scientific Heritage

*Published by:*

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph: 0471 - 2490149)
**Website : www.iish.org** [redacted]

Rs. 20

*Printed at :*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph: 0471 - 2490135

Scanned with CamScanner

# ആമുഖം!

സത്കർമ്മങ്ങൾ ദുഷ്കർമ്മങ്ങൾ എന്നിവയുണ്ടോ? പുനർജ്ജന്മം ശാസ്ത്രീയമാണോ? അതിൽ യുക്തിയുണ്ടോ? കഴിഞ്ഞ ജന്മത്തിൽ ചെയ്ത സത്കർമ്മഫലങ്ങൾ ഈ ജന്മത്തിലനുഭവിക്കുന്നതെങ്ങിനെ? ഈ ജന്മത്തിൽ ഒരു പാപകർമ്മവും ചെയ്യാത്ത ഒരു ശിശു എങ്ങിനെ അന്ധനായി, മൂകനായി, ബധിരനായി, മുടന്തനായി ജനിക്കുന്നു? ദൈവം കരുണാമയനാണെങ്കിൽ ഈ ക്രൂരത കാണിക്കുന്നതെന്തിന്? ഈ ചോദ്യങ്ങളെല്ലാം അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുമ്പോൾ അതിനെല്ലാം ഒരുത്തരം കണ്ടുപിടിക്കേണ്ടേ?

കാര്യമുണ്ടെങ്കിൽ കാരണവുമുണ്ട്. അതന്വേഷിച്ചിറങ്ങിയവർക്ക് കാര്യത്തിന്റെ കാരണം ലഭിച്ചിട്ടുണ്ട്. ആരു വിശ്വസിച്ചാലും ഇല്ലെങ്കിലും ഉത്തരമുണ്ട്. ഞാനും നിങ്ങളും ഇങ്ങിനെയായതെന്തുകൊണ്ട് എന്ന ചോദ്യത്തിനുത്തരം നമ്മുടെ പൂർവ്വീകർ തന്നിരുന്നു. ഭാരതീയമായതിനെയെല്ലാം പുച്ഛിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നവർക്ക് അതെല്ലാം അന്ധവിശ്വാസമായിരുന്നു. എന്നാൽ ഭാരതീയമായതെല്ലാം (എല്ലാം തന്നെ) ആധുനീകശാസ്ത്രം കൈകാര്യം ചെയ്യുന്നവർ വ്യക്തമായി വിവരിച്ചുതരുമ്പോൾ അതു വിശ്വസിക്കാനും സ്വീകരിക്കാനും പോലും ചിലർക്ക് മടിയാണ്. ചിലർ മറിച്ചും ചോദിക്കാറുണ്ട് ''വിദേശികൾ ഇതെല്ലാം കണ്ടുപിടിക്കുന്നതുവരെ നിങ്ങളെന്താ അതിനെക്കുറിച്ചൊന്നും പറയാത്തത്'' അതിനുത്തരം! ഇവിടെയുള്ള ഗ്രന്ഥങ്ങൾ ഒന്ന് മറിച്ച് നോക്കാനുള്ള മനസ്സുണ്ടാകേണ്ടത് ഞങ്ങളുടെ മാത്രം ഉത്തരവാദിത്വമല്ല നിങ്ങളുടേതുമാണ്. പൈതൃകം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരുടെ മാത്രം ബാധ്യതയല്ല അതെല്ലാവരേയും കൊണ്ട് അംഗീകരിപ്പിക്കുക എന്നത്. വേണമെന്നുള്ളവർ അതു തുറന്ന മനസ്സോടെ അന്വേഷിച്ചുകണ്ടെത്തി, പഠിച്ച്, പ്രചരിപ്പിക്കണം. വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനും ശ്രമിക്കണം. അതു തുറന്ന മനസ്സോടെ ചെയ്യുകയും വേണം.

നമ്മുടെ പൈതൃകത്തിലെ അനവധി വിഷയങ്ങൾ ആധുനീക ശാസ്ത്രലോകം അംഗീകരിച്ചിട്ടും അതിനെ തള്ളിപറയുന്ന കുറേ യുക്തിവാദികളും പുരോഗമനവാദികളും ഇടതുപക്ഷ ചിന്താഗതിക്കാരുമുണ്ട്. അവരും അവരുടെ കൂടെയുള്ളവരും ഇന്നേവരെ എന്തെല്ലാം തള്ളിപ്പറഞ്ഞുവോ അതെല്ലാം പിന്നീടവർക്കു സ്വീകരിക്കേണ്ടി വന്നിട്ടുണ്ട് എന്ന സത്യം പകൽ വെളിച്ചം പോലെ വ്യക്തമായിട്ടും അവർ അന്ധരെപോലെ ജീവിക്കുന്നു. അവർ കൊണ്ടു നടന്ന വിഗ്രഹങ്ങളെല്ലാം ക്രെയിനുപയോഗിച്ച് ലോകം തൂത്തെറിഞ്ഞിട്ടും അതിൽ തന്നെ തൂങ്ങിപിടിച്ചിരിക്കുന്നത് മാനസീകമായ ഒരു മഹാരോഗം കൊണ്ടാണ്. അതിൽ പലരും പൈതൃകത്തിലേക്ക് മടങ്ങുമ്പോഴും, ചിലപ്പോൾ ചിന്തിക്കാ



Scanned with CamScanner

റുണ്ട് പൈതൃകത്തിലേക്കു മടങ്ങിയ ഈ പുരോഗമന ബുദ്ധിജീവിക ളായ മാനസീക രോഗികൾ പടച്ചുവിട്ട അനുയായികളിപ്പോൾ എവിടെ യുണ്ട്? അവരേയും ശരിയായ വഴിയിലൂടെ നടത്തിക്കേണ്ടതിവരല്ലേ?

കഴിഞ്ഞൊരു ദിവസം കോഴിക്കോട് ബുദ്ധിജീവികളുടെ പ്രഭാഷണത്തിൽ ഞാൻ പറഞ്ഞു, രാമായണവും, പുരാണകഥകളും, മഹാഭാരതത്തിന്റെ ഭാഗങ്ങളും ഏതെങ്കിലുമൊന്നെങ്കിലും ഒരിക്കലെങ്കിലും വായിച്ചവർ കൈപൊക്കുക. ഏതാണ്ട് ഭൂരിഭാഗം പ്രേക്ഷകരും കൈപൊക്കി ഞാൻ പറഞ്ഞു; ത്രേതാ യുഗത്തിലും ദ്വാപരയുഗത്തിലും കലിയുഗാരംഭത്തി ലുമെഴുതിയ ഗ്രന്ഥങ്ങൾ കലിയുഗമാരംഭിച്ച് 5114 വർഷങ്ങളായിട്ടും നിങ്ങൾ വായിച്ചു. കഴിഞ്ഞ നൂറ്റാണ്ടിലെഴുതിയ ദാസ് കാപ്പിറ്റലും, കമ്മ്യൂ ണിസ്റ്റ് മാനിഫെസ്റ്റോയും, ഇ.എം.എസ്. കൃതികളും ജവർഹർലാൽ നെഹ്റുകൃതികളും വായിച്ചവർ കൈപൊക്കുക. ആരും കൈയ്യുയർത്തി യതായി കണ്ടില്ല. അവിടെ കൂടിയവർക്ക് കാര്യം മനസ്സിലായി. അതിപു രാതനമായത് വായിക്കണമെന്നും അടുത്തിടെയെഴുതിയത് വായിച്ചി ല്ലെങ്കിലും കുഴപ്പമില്ലെന്നും തോന്നാൻ കാരണമെന്ത്?

ഇത്രയുമെഴുതിയത് പുരാതന ഭാരതീയനന്മകൾ കാലമെത്ര കഴിഞ്ഞാ ലും, അവയെ തിരസ്കരിച്ചാലും, അവഹേളിച്ചാലും, അവയെല്ലാം നില നിൽക്കേണ്ടതായതിനാൽ നിലനിൽക്കുക തന്നെ ചെയ്യും. നില നിൽക്കേണ്ട ആവശ്യമില്ലാത്തതൊക്കെ കാലം ചവറ്റുകുട്ടയിലിടും. അതാണ് സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും.

ഈ നാടിന്റെ സംഭാവനകൾ സന്ദേശങ്ങളായും അനുഭവങ്ങളായും കഥകളായും ആചാരങ്ങളായും, വിചാര-വിശ്വാസങ്ങളായും നൽകി യത് കാലപ്രവാഹത്തിൽ ഒലിച്ചുപോകാതിരിക്കാൻ കാരണം, മാനവ രാശിക്ക് അതുശാശ്വതമായി പ്രയോജനമുള്ളതാണ്. ഇനിയും അപ്ര കാരം തന്നെയായിരിക്കും. അതിൽ ശാസ്ത്രസത്യങ്ങളുണ്ട്, മനസ്സിൽ മാറ്റം വരുത്തുന്നതിനാവശ്യമായ ചൈതന്യവത്തായതെല്ലാമുണ്ട്.

അപ്രകാരം ഒരു വിഷയമാണ് **കർമ്മഫലവും പുനർജന്മവും**. അത് ഭാര തത്തിലെ വേദങ്ങളൊഴികെ ബാക്കിയെല്ലാഗ്രന്ഥങ്ങളിലുമുണ്ട്. കഥക ളായും വിവരണങ്ങളായുമുണ്ട്. ഒരു കാലത്ത് അതെല്ലാവർക്കും അന്ധ വിശ്വാസമായിരുന്നു. ചിലർക്ക് ഇന്നും അന്ധവിശ്വാസമാണത്. ആ വിഷ യത്തിൽ ശാസ്ത്രം എവിടെ നിൽക്കുന്നു എന്ന് ഈ ലഘുപുസ്തക ത്തിൽ വിവരിക്കുന്നു. ബുദ്ധിയും യുക്തിയും ശാസ്ത്രബോധവും പണ യപ്പെടുത്താതെ വായിച്ച്, വിലയിരുത്തി, പഠിച്ച് പഠിപ്പിക്കുക.

14 ഏപ്രിൽ 2013

**ഡോ. എൻ. ഗോപാലകൃഷ്ണൻ**



Scanned with CamScanner

## കർമ്മഫലവും പുനർജന്മവും

ഭാരതീയ ചിന്താധാരകളുടെ ആധാരങ്ങളായ ഗ്രന്ഥങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, വിചാരങ്ങൾ, സങ്കൽപങ്ങൾ എന്നിവയിലെല്ലാം നിറഞ്ഞുനിൽക്കുന്നതാണ് പുനർജന്മ വിവരണം. ഈ ലോകത്തിൽ നിലനിൽക്കുന്നതെല്ലാം ഒരു ചാക്രിക വൃത്തിക്കു വിധേയമാണ് എന്നത് ഭാരതീയ ചിന്താധാരയുടേയും ആധുനിക ശാസ്ത്രത്തിന്റേയും വീക്ഷണമാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പുരചിച്ച ഭഗവദ്ഗീത അസന്ദിഗ്ദമായി പ്രഖ്യാപിക്കുന്നു **"ജാതസ്യഹി ധ്യൂവോർ മൃത്യുഃ ധ്യൂവം ജന്മമൃതസ്യച"** ജനിച്ചതിനെല്ലാം മരണമുണ്ട് മരിച്ചതിന് ജനനവുമുണ്ട്. അത് പരിഹരിക്കാൻ സാധിക്കാത്ത രണ്ടു സംഭവങ്ങളാണ്. ജനനമരണം പോലെ എല്ലാത്തിനും രണ്ടു തലം ഉണ്ടെന്നതും വസ്തുതയാണ്. സുഖവും-ദുഃഖവും, ശരിയും-തെറ്റും, ഉത്തരവും-ദക്ഷിണവും, ഉയർച്ചയും-താഴ്ചയും, ലാഭവും-നഷ്ടവും, ചിരിയും-കരച്ചിലുമെല്ലാം.... ശാസ്ത്ര ദൃഷ്ടിയിലൂടെ വിവരിച്ചാലും എല്ലാത്തിനും രണ്ടുണ്ട്; നെഗറ്റീവ് ചാർജുള്ള ഇലക്ട്രോണുകളും പോസിറ്റീവ് ചാർജ്ജുള്ള പ്രോട്ടോണുകളും ആറ്റത്തിലുണ്ട്. ക്ലോക് വൈസുമുണ്ട് ആന്റിക്ലോക്വൈസുമുണ്ട്, സെൻട്രിഫ്യൂഗലുമുണ്ട് സെൻട്രി പെറ്റലുമുണ്ട്. അപ്പോൾ രണ്ടില്ലാത്തതില്ല, ആണും പെണ്ണും പോലെ. അതിന്റെ എക്സ്ട്രാ പൊളേഷനാണ് **ജനനമുണ്ടെങ്കിൽ മരണമുണ്ടെന്നത്.**

ഈ ജനനമരണം പോലെയുള്ള ഒരു സൈക്കിൾ കാർബൺ സൈക്കിൾ, നൈട്രജൻ സൈക്കിൾ, ഓക്സിജൻ സൈക്കിൾ, കാർബൺഡൈഓക്സൈഡ് സൈക്കിൾ, വാട്ടർ സൈക്കിൾ എന്നിങ്ങിനെയുമുണ്ട്. ഓരോ ആറ്റവും ഏകദേശം $10^{15}$ മുതൽ $10^{30}$ വർഷം വരെ നിലനിൽക്കുന്നുവത്രെ. അതിനു ശേഷം എന്തായിത്തീരുന്നു എന്നു ചോദിച്ചാൽ ഒരുപക്ഷേ ഊർജ്ജമായി മാറിയേക്കാം. ആറ്റങ്ങൾ അന്ത്യത്തിലോ ഇടക്കാലത്തോ ഊർജ്ജമായിപ്പോയേക്കാം എന്നുപറഞ്ഞാൽ ആൽബർട്ട് ഐൻസ്റ്റീന്റെ ഇക്വേഷൻ പ്രകാരം; $E = mc^2$ ദ്രവ്യം ഊർജ്ജമായിതീരുന്നു. ഇന്നത്തെ സിദ്ധാന്തപ്രകാരം തിരിച്ചും ആകാം. ഊർജ്ജം ദ്രവ്യവുമായിത്തീരാം. അവിടേയും നമുക്കു കാണാം ദ്രവ്യം പലകാലം പലതായിനിന്ന് അന്ത്യത്തിൽ ഊർജ്ജമായിത്തീരുന്നു.

ഒരേ ഓക്സിജൻ ആറ്റം, ജലത്തിന്റെയും, തുരുമ്പിന്റെയും, പഞ്ചസാരയുടെയും, വായുവിന്റെയും, സെല്ലുലോസിന്റെയും, പ്രോട്ടീനിന്റെയും, കാർബോഹൈഡ്രേറ്റിന്റെയും, ഫാറ്റിന്റെയും എല്ലാം ഭാഗമായും



Scanned with CamScanner

അൽപകാലമോ അനവധികാലമോ നിലനിൽക്കുന്നു. ഇതുപോലെ ഒരേ വാട്ടർ മോളിക്യൂൾ അറബിക്കടലിന്റേയോ, ഗംഗയുടെയോ, യൂഫ്രട്ടീസ് നദിയുടേയോ, കൈലാസത്തിലെ ഐസിന്റേയോ, ആർട്ടിക് ഓഷ്യന്റേയോ, അന്റാർട്ടിക്കിലെ ഐസിന്റേയോ ഭാഗമായിത്തീരാം. മാത്രമല്ല, ആ ജലകണം അൽപസമയം ഒരു കോഴിത്തീറ്റയുടെ ഭാഗമായി കോഴിയിലെത്തി, അവിടെ നിന്നും ആ കോഴിയെ തിന്നുന്നവനിലെത്തുന്നു. അവന്റെ വിസർജന ജലത്തിലൂടെ ഒരു ചെടിയിലും അതിൽ നിന്ന് മറ്റൊരു വ്യക്തിയിലുമെത്തി അയാൾ അമേരിക്കയിൽ ചെന്ന് ആ ജലം അവിടെ നിക്ഷേപിച്ചാൽ അവിടത്തെ ചെടിയിലെത്തും..............................

അപ്പോൾ ഒരു ജലകണം അല്ലെങ്കിൽ ഓക്സിജൻ, നൈട്രജൻ, കാർബൺ ഡൈ ഓക്സൈഡ്........ അവയുടെ യാത്രാവിവരണം എഴുതിയാൽ എങ്ങിനെയിരിക്കും? അത് അനന്തമായിരിക്കും. ദശകോടിവർഷങ്ങൾ നീണ്ടു നിൽക്കുന്ന ഒരു യാത്രാവിവരണം. ജീവനുള്ളതിന്റേയും ജീവനില്ലാത്തതിന്റേയുംമെല്ലാം ഭാഗമായി ഇവക്ക് നിൽക്കേണ്ടിവരുന്നു. മറ്റൊരർത്ഥത്തിൽ അവയെല്ലാം **പലപലശരീരങ്ങളുടേയും ഭാഗമായി ത്തീരുന്നു.**

ഇതാണ് ദ്രവ്യങ്ങളുടെ അഥവാ മാറ്ററിന്റെ കഥ. ഇതുപോലൊരു കഥ ഓരോ ആത്മാവിനും പറയാനുണ്ടാകില്ലേ? ആത്മാവ് എന്താണെന്ന് വ്യക്തമായ ഭാഷയിൽ ആർക്കും പറയാനാകില്ലെന്ന് ശാസ്ത്രവും ഉപനിഷത്തും ഒരേപോലെ പറയുന്നു.

**നതത്ര ചക്ഷൂർഗച്ഛതി** = കണ്ണുകൾ കൊണ്ടതിനെ കാണാനാകില്ല

**നവാക് ഗച്ഛതി** = വാക്കുകൾകൊണ്ടതിനെ വിവരിക്കാനാകില്ല

**നോമനഃ** = മനനം ചെയ്യാനാകില്ല

**നവിദ്മോ** = അതിനെക്കുറിച്ചറിയാവുന്നവരില്ല.

**ആവിജ്ഞാനീമോ** = അറിയിക്കാൻ കഴിയുന്നവരുമില്ല.

**യദൈതനുശിഷ്യാത്** = പിന്നെയെങ്ങിനെയാണ് ആത്മാവിനെക്കുറിച്ച് പഠിപ്പിക്കുന്നത്.

അതുകൊണ്ട് വിസ്തരിച്ചുള്ള ഒരു വിവരണം ആത്മാവിനെക്കുറിച്ച് ആരു നൽകിയാലും അത് ആ വ്യക്തിയുടെ വീക്ഷണം മാത്രമായിരിക്കും. വ്യക്തമായതിനെക്കുറിച്ചും വ്യക്തമല്ലാത്തതിനെക്കുറിച്ചും ഓരോരുത്തർക്കും ഓരോ വീക്ഷണമുണ്ടായേക്കാം. ആ വീക്ഷണത്തിലൂടെ ആത്മാവിനെ വിവരിക്കുമ്പോൾ അത് ആത്മാവിനെക്കുറിച്ചുള്ള ഒരു



Scanned with CamScanner

നിർവചനമോ അവസാനത്തെ വിവരണമോ ആകില്ല. അതയാളുടെ വീക്ഷണം മാത്രമായിരിക്കും. ആ ആത്മാവ് അനന്തകാലമായി ഈ പ്രപഞ്ചത്തിൽ നിലനിന്നു. ഇപ്പോഴും നിലനിൽക്കുന്നു. ഇനിയും നില നിൽക്കും. ഒരു ജലത്തിന്റെ കണിക പോലെ, അല്ലെങ്കിൽ ഓക്സിജന്റെ തന്മാത്ര പോലെ എന്ന് വേണമെങ്കിൽ അതിനെ ഉപമിക്കാം. പലപല ജീവികളുടെ ശരീരമാകുന്ന ദ്രവ്യത്തിന്റെ ഭാഗമായി നില നിൽക്കുന്ന ഒന്ന്.

എല്ലാത്തിനും രണ്ടുണ്ട് എന്ന് നേരത്തേ സൂചിപ്പിച്ച സിദ്ധാന്ത പ്രകാരം ഒന്നിൽ തന്നെ ദ്രവ്യാംശവും ഊർജ്ജാംശവും നിലനിൽക്കുന്നു എന്നായാൽ എല്ലാ ജീവജാലങ്ങളിലും ദ്രവ്യങ്ങളുണ്ട്. ആ ദ്രവ്യങ്ങൾ മോളിക്യൂളുകൾ/ ആറ്റങ്ങൾ എന്ന അവസ്ഥയിൽ കുറെക്കാലം വീതം ഓരോ ജീവനുള്ളതിന്റേയും ശരീരത്തിൽ നിലനിൽക്കും. പിന്നീട് അത് മറ്റൊന്നിലേക്കു പോകും. അതുപോലെ ഊർജ്ജവും (ഇവിടെ ആത്മാവ്) കുറെക്കാലം ഒന്നിൽ നിലനിൽക്കും. അതിനുശേഷം അടുത്തതിലേക്ക് പോകും. ഇതും കൃഷ്ണൻ ഗീതയിൽ വിവരിച്ചിട്ടുണ്ട്.

**വാസാംസി ജീർണാനി യഥാവിഹായ നവാനി ഗൃഹ്ണാതി നരോ പരാണി തഥാ ശരീരാണിവിഹായ ജീർണാനി അന്യാതി സംയാതി നവാനി ദേഹി**

എപ്രകാരമാണോ മനുഷ്യർ ജീർണിച്ച വസ്ത്രങ്ങളുപേക്ഷിച്ച് പുതിയവ തെരഞ്ഞെടുക്കുന്നത് അതുപോലെ ആത്മാവ് ജീർണിച്ച ശരീരം ഉപേക്ഷിച്ച് മറ്റൊന്നിനെ തെരഞ്ഞെടുക്കുന്നു. അപ്പോൾ ആത്മാവ് ശാശ്വതമായി അനവധികാലം പലശരീരങ്ങളിലായി നിലനിൽക്കുന്നു. (അത് പരമാത്മാവിൽ അലിഞ്ഞു ചേരുന്നതുവരെയെന്നു വേണമെങ്കിൽ പറയാം.) ഒരു ശരീരത്തെ ഉപേക്ഷിക്കുന്നത് മരണവും മറ്റൊന്നിനെ സ്വീകരിക്കുന്നത് ജനനവും എന്നു വിചാരിച്ചാൽ ജനനമരണങ്ങൾ ആത്മാവിന്റെ ത്യജിക്കലും സ്വീകരിക്കലുമായിത്തീരുന്നു. ആത്മാവിന് മരണമില്ല! ശരീരത്തിനാണതുള്ളത്!

ശരീരമല്ല, ആത്മാവിനെ സ്വീകരിക്കുന്നതും ത്യജിക്കുന്നതും. ആത്മാവാണ് ശരീരത്തെ ത്യജിക്കുന്നതും സ്വീകരിക്കുന്നതും. അതുകൊണ്ട് ശരീരത്തിന് ആത്മാവുണ്ടെന്നല്ല ഭാരതത്തിൽ പറയാറുള്ളത്, ആത്മാവിന് ഈ ശരീരമുണ്ട് എന്നത്രെ (അതിനു കാരണം വീടിനെക്കാൾ പ്രാധാന്യമുള്ളത് വീട്ടിൽ താമസിക്കുന്നവനാണ് എന്നതുകൊണ്ട്)



Scanned with CamScanner

ശരീരം വാസസ്ഥലവും ആത്മാവ് വസിക്കുന്നയാളുമായിത്തീരുന്നു.

**ഇദം ശരീരം കൗന്തേയക്ഷേത്രമിത്യഭിധിയതേ= ഹേ അർജ്ജുനാ ഈ ശരീരം ക്ഷേത്രമാണെന്നറിഞ്ഞാലും. ഇതിൽ വസിക്കുന്നതാണ് ആത്മാവ്. ശരീരത്തിനു സംഭവിക്കുന്നതൊന്നും ആത്മാവിനെ ബാധിക്കാറില്ല. വൈദ്യുത ഉപകരണങ്ങൾക്ക് എന്തെല്ലാം സംഭവിച്ചാലും വൈദ്യുതിക്കൊന്നും സംഭവിക്കാത്തതുപോലെയായിരിക്കും അത്.**

ഒരു പക്ഷേ ഒരിക്കലും വിവരിക്കാനോ, നിർവചിക്കാനോ സാധിക്കാത്ത ഈ ആത്മാവ് ഒരു ശരീരം വിട്ടു പോകുന്നു എന്നു വിരിക്കുന്നതു മനസ്സിലാക്കാൻ അത്രയ്ക്ക് വിഷമമില്ല. ശരീരത്തിൽ നിന്ന് ഉച്ഛ്വാസ വായു പോകുന്നതുപോലെ, ജലം ആവിയായി, വിയർപ്പായി പോകുന്നതുപോലെ എന്നെല്ലാം വേണമെങ്കിൽ വിവരിക്കാം. ഏതിലൂടെയാണ്, ആത്മാവ് ശരീരം വിട്ടു പോകുന്നതെന്ന് അസന്ദിഗ്ദമായി പറയാനെന്തായാലും സാധ്യമല്ല. അതുകൊണ്ട് ശിരസ്സിലൂടെ, കണ്ണിലൂടെ മൂക്കിലൂടെയൊന്നൊക്കെ ആരെങ്കിലും പറഞ്ഞാൽ അതും അവരുടെ വീക്ഷണമായിരിക്കുമെന്ന് നമുക്കു പറയാം.

ഏതിലൂടെയാണ് ഓരോ ശരീരത്തിലേക്കും ചെറിയ എംബ്രിയോ ആയിരിക്കുമ്പോൾ, അല്ലെങ്കിൽ അണ്ഡവും, ബിജവും യോജിക്കുന്ന ആ നിമിഷത്തിൽ ആത്മചൈതന്യം പ്രവേശിക്കുന്നത് അതുപോലെയായിരിക്കാം, വലിയ ശരീരത്തിലെ ഏതോ ഭാഗത്തിലൂടെ ആത്മാവ് പുറത്തേക്കു പോകുന്നത്. വീട് നിർമ്മിച്ചതിനുശേഷം താമസിക്കുന്നവർ വീട്ടിലേക്ക് പ്രവേശിക്കുന്നതുപോലെ ഏതോ ഒരു പ്രധാന ദ്വാരമുണ്ടാകും. വീട്ടുകാർക്ക് വീട്ടിൽ പ്രവേശിക്കാനുള്ള പ്രവേശന ദ്വാരം പോലെ! പ്രകാശത്തിനും, താപത്തിനും ഗുരുത്വാകർഷണത്തിനുമെല്ലാം വീട്ടിനുള്ളിൽ പ്രവേശിക്കാൻ പ്രവേശനദ്വാരം വേണ്ടാത്തതുപോലെ ഒരു പക്ഷേ അകത്തു പോകാനും പുറത്തുവരാനും ആത്മാവ് എന്ന ചൈതന്യത്തിന് പ്രത്യേക കവാടങ്ങളാവശ്യമില്ലായിരിക്കാം.

**ഇത്രയെല്ലാം വിവരിച്ചു കഴിഞ്ഞ് ഇനി നമുക്ക് എത്തേണ്ടത് ഈ പുസ്തകത്തിലെ വിഷയമായ ആത്മാവ് ശരീരത്തെ തെരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനമെന്തായിരിക്കാം എന്നതിനെകുറിച്ചാണ്. ഒരു ശരീരം ഉപേക്ഷിച്ചു പോകുന്ന ആത്മാവ് അനുനിമിഷം കോടാനുകോടി ജീവജാലങ്ങൾ ജനിക്കുമ്പോൾ അതിൽ ഏതു ശരീരത്തെയാണ്തെരെഞ്ഞെടുക്കുന്നത്.?അതിന്റെ അടിസ്ഥാനം എന്ത്? അല്ലെങ്കിൽ ഏതെങ്കിലും ഒരു ശരീരം തെരഞ്ഞെടുക്കുന്നതിന് കാരണമെന്ത്?**



Scanned with CamScanner

ഇവിടെ നമുക്കു ചേർക്കാവുന്ന അത്യധികം ശാസ്ത്രീയമായ ഒരു വിഷയമാണ് കർമ്മഫലപ്രയോഗം. ഓരോ വ്യക്തിയും, ജന്തുവും ഇഹലോകവാസം വെടിയുമ്പോൾ അയാൾ/ അത് ചെയ്ത കർമ്മഫലങ്ങൾ വഹിച്ചു കൊണ്ടാണ് ആത്മാവ് ആ കർമ്മഫലങ്ങൾ അനുഭവിച്ചു തീർക്കുവാൻ പറ്റിയ മറ്റൊരു ശരീരം കണ്ടെത്തി അതിലേക്ക് പ്രവേശിക്കുന്നത്. അതായത് ആത്മാവ് ശരീരത്തെ തെരഞ്ഞെടുക്കുന്നു എന്നർത്ഥം. അതിന്റെ അടിസ്ഥാനം ജന്മജന്മാന്തരങ്ങളായി ആ ആത്മാവ് ഏതെല്ലാം ശരീരങ്ങളിൽ അധിവസിച്ചുവോ ആ ശരീരമോരോന്നും ഉപേക്ഷിക്കുന്നതുവരെയുള്ള കർമ്മഫലങ്ങളിൽ നിന്ന് അനുഭവിച്ചു തീർക്കാത്തത് അടുത്ത ശരീരത്തിൽ വച്ച് അനുഭവിച്ചു തീർക്കാൻ ശ്രമിക്കുന്നു. മുമ്പുള്ളതിന്റെ ബാക്കിയും അതാതു ശരീരചെയ്തതിന്റെ ബാക്കിയും ചേർത്ത് അനുഭവിച്ചു തീർക്കാൻ പറ്റിയ പുതിയ ഒരു ശരീരം സ്വീകരിക്കുന്നു.

ഏതു ശരീരവും ചെയ്തത് അനുഭവിച്ചു തീർക്കേണ്ടതായിട്ടുണ്ട്. എന്നത് ശാസ്ത്ര സത്യമാണ്. For every action there is an equal and opposite reaction. ഇത് ഭാരതീയമായ രീതിയിൽ മലയാളത്തിൽ പറഞ്ഞാൽ 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ അനുഭവിച്ചീടുകെന്നേ വരൂ.'

ഒരു ജന്മത്തിൽ അനുഭവിച്ചു തീർക്കാനാകാത്തത് അടുത്ത ജന്മത്തിലേക്ക് മാറ്റപ്പെടുന്നു. അങ്ങിനെയെങ്കിൽ, വിഷയം കൂടുതൽ ഗഹനമാകുന്നതിനു മുമ്പ് ലളിതമായ ഒരു ചോദ്യമുണ്ട്. ഈ ജന്മത്തിൽ കുറെ വ്യക്തികളുടെ അഥവാ മൃഗങ്ങളുടെ കണ്ണു കുത്തിപൊടിച്ച ഒരു വ്യക്തി ചെയ്ത ആ ദുഷ്കർമ്മത്തിന്റെ ഫലം അനുഭവിച്ചു തീർക്കാൻ പറ്റിയ ഒരു ശരീരം ഏതായിരിക്കും.? ആ ശരീരം ഏതു തരം അമ്മയുടെ ഗർഭത്തിലായിരിക്കും ജന്മം കൊള്ളുക? ഏതു തരം ഗൃഹത്തിലായിരിക്കും ജനനം ഉണ്ടാവുക? ആത്മീയ ജ്ഞാനമൊന്നുമില്ലാത്ത ഒരു വ്യക്തിയോടാണ് ഈ ചോദ്യങ്ങൾ ചോദിക്കുന്നതെങ്കിൽ അയാളുടെ ഉത്തരമെന്തായിരിക്കാം? ഉത്തരമേതാണ്ട് ഇതുപോലെയായിരിക്കും. അയാളൊരു കണ്ണു പൊട്ടനായിട്ടായിരിക്കും ജനിക്കുക, എന്നല്ലേ അപ്പോൾ ആ കണ്ണു പൊട്ടനായി ജനിക്കുന്ന വ്യക്തിയുടെ അമ്മ എന്തു പാപമാണ് ചെയ്തതെന്നുചോദിച്ചാൽ എന്തായിരിക്കും ഉത്തരം. അവർ കഴിഞ്ഞ ജന്മത്തിൽ അന്ധരായി ജനിച്ച മക്കളുടെ അമ്മയെ ഉപദ്രവിച്ചി



Scanned with CamScanner

ട്ടുണ്ടാകാം, എന്നായിരിക്കില്ലേ? ഇവിടെ രണ്ടു പേരുടേയും കർമ്മഫല ങ്ങൾ ഓരോരുത്തരായി ഒരേ വീട്ടിൽ അനുഭവിച്ചുതീർക്കുന്നു. ആ വീട്ടിൽ തന്നെ ആ അന്ധൻ ജനിക്കാൻ എന്താണ് കാരണമെന്നതിനുമു ത്തരമുണ്ട്. അന്ധരെ ദ്രോഹിച്ച ഒരു കുടുംബമാണെങ്കിൽ അവരെല്ലാം ഇതൊരുമിച്ച് അനുഭവിക്കുന്നു.

ഇവിടെ യുക്തിയുണ്ട്. സർ ഐസക്ന്യൂട്ടന്റെ വിവരണത്തിലെ ശാസ്ത്ര മുണ്ട്. വാത്മീകിയായിത്തീരുന്നതിനു മുമ്പുള്ള കാട്ടാളനായ രത്നാക രന്റെ ഭാര്യയുടെ വരിയുടെ (താൻ താൻ നിരന്തരം-----------)വ ലിയ ഒരു സന്ദേശത്തിന്റെ പ്രായോഗിക ഫലവിവരണവുമുണ്ട്. നേരത്തേ ഇതു സൂചിപ്പിച്ചു, താൻ തന്നെ അനുഭവിക്കണമെന്നുള്ളത്! കർമ്മഫലം transferable അല്ല എന്നർത്ഥം

കഴിഞ്ഞ ജന്മത്തിൽ അറിയാതെ ചെയ്തതിന് ഈ ജന്മത്തിലനുഭവി ക്കണോ എന്നാണെങ്കിൽ, അറിയാതെ ട്രാഫിക് റൂൾ തെറ്റിച്ചാലും ശിക്ഷ യുണ്ട്. അറിയാതെ ചെയ്തത് എന്ന കാരണത്താൽ കുറ്റവാളികളെ ഒരു കോടതിയും വെറുതെ വിടാറില്ല. Ignorance is not an excuse എന്നല്ലേ പറയാറുള്ളത്.

ഇനിയുമുണ്ട് ചില അവ്യക്തങ്ങളായ കാര്യങ്ങൾ. ഒരു വ്യക്തിക്ക്/ കുടും ബത്തിന്/ സമൂഹത്തിന്/ രാഷ്ട്രത്തിന്/ കുറ്റം/ തെറ്റ്/ അധർമ്മം അനീതി/ അന്യായം എന്നൊക്കെ തോന്നുന്നത് മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ, സമൂഹത്തിനോ, രാഷ്ട്രത്തിനോ അപ്രകാരമാകണ മെന്നില്ലല്ലോ. അങ്ങിനെയെങ്കിൽ കർമ്മഫലം അനുഭവിച്ചു തീർക്കണ മെന്നു പറയുന്നതു ശരിയാണോ? അങ്ങിനെയുള്ള കർമ്മങ്ങൾ ചെയ് താൽ കുറ്റമല്ലാത്തതുകൊണ്ടല്ലേ ചെയ്തത് എന്നാണെങ്കിൽ അതിനൊരു ലളിതമായ വിവരണമുണ്ട്. മനസ്സിനോ, ശരീരത്തിനോ, കുടുംബത്തിനോ സമൂഹത്തിനോ, രാഷ്ട്രത്തിനോ മാനവരാശിക്കോ, ജീവജാല ങ്ങൾക്കോ തിന്മ/ വേദന/ ഭയം/ ഉണ്ടാക്കുന്ന ഏതു പ്രവൃത്തിയും കുറ്റം, പാപം, ദോഷം, തെറ്റ്, എന്നീ പേരുകളിൽ തന്നെയായിരിക്കും വരിക. അതായത് പ്രകൃതിയുടെ താളാത്മകായ നിലനിൽപ് ഒരു സൂക്ഷ്മ ജീവി മുതൽ ഈ ബ്രഹ്മാണ്ഡത്തിലെ സൂര്യഗോളം വരെയാണ്. അതി ലേതിന്റെ ശാശ്വത തിന്മയ്ക്കായി പ്രവർത്തിച്ചാലും അത് 'പാപ'മാണ്. അതിന്റെ കർമ്മഫലമാണ് അനുഭവിക്കേണ്ടത്.

വേദഭാഷയിൽ അതിന് വലിയ മാനങ്ങളുണ്ട്. **ആധ്യാത്മീകം, ആദി ഭൗതീകം, അധിദൈവതം** ആയിട്ടാണ് ഇവയെല്ലാം വേദങ്ങളിൽ വിവ രിക്കുന്നത്.



Scanned with CamScanner

സർവ്വ ചരാചരങ്ങളിലും അവയ്ക്കു ചുറ്റുമുള്ളതിലും ഈ പ്രപഞ്ചത്തിന്റെ അനസ്യൂതമായതിലും നടന്നുകൊണ്ടിരിക്കുന്ന താളാത്മകമായ പ്രവർത്തനങ്ങൾക്ക് വിഘാതം നിൽക്കുന്ന എല്ലാ കർമ്മങ്ങളും കുറ്റങ്ങളാണ്. അവയാണ് പാപങ്ങൾ എന്നറിയപ്പെടുന്നത്. അതിനെതിരെയുള്ളത് പുണ്യവും. പാപപുണ്യങ്ങളെക്കുറിച്ച് നമുക്ക് പിന്നീട് പഠിക്കാം. എല്ലാ ഭാരതീയന്റേയും നിത്യജീവിതത്തിൽ പ്രയോഗിക്കുന്ന പ്രയോഗങ്ങളാണ് പാപവും പുണ്യവും. ഭാരതീയ വീക്ഷണത്തിൽ പുണ്യകർമ്മങ്ങളിൽ നിന്ന് പുണ്യവും പാപകർമ്മങ്ങളിൽ നിന്ന് പാപവും ഉണ്ടാകുന്നു എന്നു വിവരിക്കുന്നു. കർമ്മമാണ് നമ്മുടെ പുണ്യ പാപങ്ങൾക്കാധാരം എന്നു ചുരുക്കം. കർമ്മങ്ങളുടെ ഫലമാണ് ആത്മാവ്, ഒരു ശരീരമുപേക്ഷിച്ച് മറ്റൊരു ശരീരം സ്വീകരിക്കുമ്പോൾ മറ്റൊന്നിലേക്ക് കൊണ്ടു പോകുന്നത്. ഈ കർമ്മഫലങ്ങൾ അനുഭവിച്ചു തീർക്കുന്നതുവരെ ആത്മാവിന് ഒരു ശരീരത്തിൽ നിന്ന് വിട്ട് മറ്റൊന്നിലേക്കു പോകുമ്പോൾ കൂടെ കൊണ്ടു പോകാനായിട്ടുണ്ടാകും. ആത്മാവിന്റെ കൂടെ കൊണ്ടു പോകാനായി പാപകർമ്മഫലങ്ങളൊന്നുമില്ലെങ്കിൽ ആത്മാവിന് മോചനമായി അഥവാ മോക്ഷമായി എന്നു പറയാം.

പാപവും പുണ്യവും തന്നെയാണ് കർമ്മഫലം എന്നു സൂചിപ്പിച്ചു. സെമിറ്റിക് മതങ്ങളിൽ പറയുന്ന sin അല്ലെങ്കിൽ virtue അല്ലിത് (പാപ പുണ്യങ്ങളല്ല.) ദൈവത്തിനെയോ, ദൈവത്തിന്റെ പ്രതിനിധിയെയോ അനുസരിക്കാത്തതിനാണ് ആദവും ഹവ്വയും പാപികളായത്. ഹിന്ദു ധർമ്മത്തിൽ അത്തരമൊരു പരിപാടിയില്ല. ദൈവത്തിനെ അനുസരിക്കലും ദൈവത്തിനെ അനുസരിക്കാതിരിക്കലുമല്ല പാപപുണ്യങ്ങൾക്കാധാരം. നമ്മുടെ പ്രവൃത്തികളും അവക്കാധാരമായതുമെല്ലാമാണ്, ഇവിടെ പാപപുണ്യങ്ങൾക്കാധാരം എന്ന സനാതനധർമ്മവിശ്വാസം വ്യക്തമാക്കാനായി ഈ വരികൾ ശ്രദ്ധിക്കുക.

മനസ് →ചിന്തകൾ →കർമ്മം→കർമ്മഫലം→കർമ്മപ്രതിഫലം. മനസ്സിൽ നന്മകൾ നിറച്ചാൽ മനസ് എന്തായിത്തീരുമെന്നു നോക്കുക. നല്ല മനസ്സ്→നല്ല ചിന്തകൾ →നല്ല കർമ്മം →നല്ല കർമ്മഫലം→നല്ല കർമ്മപ്രതിഫലം ഇതു തന്നെ നമ്മൾ വളരെ ലളിതമായി നിരന്തരം പറയാറുണ്ടല്ലോ. സന്മനസ്→സത്ചിന്തകൾ→ സത്കർമ്മങ്ങൾ→സത്കർമ്മഫലങ്ങൾ →സത്കർമ്മപ്രതിഫലങ്ങൾ. ഈ വരികളെ ഒന്നുകൂടി അമ്മൂമ്മമാരുടെ ഭാഷയിൽ സാമാന്യമാക്കിയാൽ സന്മനസ് → സത്ചിന്തകൾ → പുണ്യകർമ്മങ്ങൾ → പുണ്യം → സ്വർഗ്ഗം



Scanned with CamScanner

മനസ് തിന്മയിലേക്കു പോയാൽ മേൽവരികൾ പുനക്രമീകരിച്ചാൽ ഇങ്ങിനെയെഴുതാം. തിന്മനിറഞ്ഞ മനസ്സിനെ അടിസ്ഥാനമാക്കി പറഞ്ഞാൽ എന്താകും. ദുർമനസ്→ദുഷ്ചിന്തകൾ→ദുഷ്കർമ്മങ്ങൾ ദുഷ്കർമ്മഫലങ്ങൾ→ദുഷ്കർമ്മ പ്രതിഫലങ്ങൾ അഥവാ ഒന്നു കൂടി ലളിതമായ ഭാഷയിലെഴുതിയാൽ ദുർമനസ് →ദുഷ്ചിന്തകൾ→പാപകർമ്മങ്ങൾ→പാപം→നരകം. ഇവിടെ ഈശ്വരന് വലിയ സ്ഥാനമൊന്നും കൊടുക്കണമെന്നില്ല. നമ്മൾ ചെയ്യുന്നതു പാപമാണോ പുണ്യമാണോ ഇതു രണ്ടുമല്ലാത്തതാണോ എന്നറിയണമെങ്കിൽ, മനസ്സിന്റെ അവസ്ഥയും ചിന്തകളുടെ അവസ്ഥയും വ്യക്തമായിട്ടറിഞ്ഞാൽ മതി.

നമ്മുടെ ജീവിതത്തിൽ പാപം ചെയ്യുകയാണെങ്കിൽ ആ പാപം മുഴുവനും നാം അനുഭവിച്ചുതീർക്കണം. അതായത് ദുഷ്കർമ്മഫലങ്ങൾ അനുഭവിച്ചു തീരണം, എന്നു നാം പണ്ടു മുതൽക്കേ പറയാറില്ലേ. ഇതു പുതിയതല്ലല്ലോ. ഒരാളെ അനാവശ്യമായി വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ വേദനിപ്പിച്ചയാൾ അത് വേദനയായിട്ടോ, വിശപ്പായിട്ടോ, ദാഹമായിട്ടോ, അനുഭവിച്ചു തീർക്കേണ്ടി വരും.

അനുഭവിച്ചു തീർന്നാൽ അത് erase off ചെയ്യുന്നതുപോലെ ഇല്ലാതാകും. Delete ചെയ്ത കമ്പ്യൂട്ടർ ഫയലുകൾ recycle bin ൽ കിടക്കുന്നതുപോലെ. മാത്രമല്ല recycle bin-ൽ നിന്നും empty ചെയ്താലും അതിന്റെ അവശിഷ്ടങ്ങൾ കുറെയൊക്കെ temporary file കളായി കിടക്കും. അതും കളയണം. അതല്ലെങ്കിൽ ബാക്കിയുള്ളതെല്ലാം ആത്മാവ് carry forward ചെയ്യുന്നു. മറ്റൊരർത്ഥത്തിൽ reformat ചെയ്യണം. അതായിരിക്കാം പ്രായശ്ചിത്തം.

ഇവിടെ വിവരിച്ചത് പാപത്തെക്കുറിച്ചാണ്. അതുപോലെ സത്കർമ്മങ്ങളുടെ ഫലങ്ങളും ഈ ജീവിതത്തിൽ അനുഭവിച്ചു തീർക്കാത്തത് അടുത്ത ജന്മത്തിലേക്ക് ഇതേ ആത്മാവ് കൊണ്ടു പോകുന്നു. പാപവും പുണ്യവും ആത്മാവിൽ attached ആയി carry over ചെയ്യുന്നു എന്നും ചിന്തിക്കാം.

ഈ പാപപുണ്യങ്ങൾ എങ്ങിനെയാണ് കൊണ്ടു പോകുന്നത് എന്നതിന് വിവരണം തരുകയെന്നത് അസാദ്ധ്യമാണ്. അതിന് ഉദാഹരണത്തിലൂടെ നൽകാൻ സാധിക്കുന്ന വിവരണം ഇപ്രകാരമാണ്. എങ്ങിനെയാണോ വൈദ്യുതി എത്ര ഉയർന്ന voltage അല്ലെങ്കിൽ ampere ലുള്ളതായാലും വൈദ്യുതി കമ്പിയിലൂടെ പോകുമ്പോൾ കമ്പിക്ക് ബാധകമാകാതിരിക്കുന്നത്, അതുപോലെ സുഗന്ധമായാലും ദുർഗന്ധമാ



Scanned with CamScanner

യാലും വായു അത് പരത്തുമ്പോൾ വായുവിനെ അത് ബാധിക്കുന്നില്ല. സുഗന്ധത്തിന്റെയും ദുർഗന്ധത്തിന്റെയും ഉറവിടം ഇല്ലാതായാൽ വായുവും ഗന്ധമുക്തമായി

Acknowledgement തുന്നിപ്പിടിപ്പിച്ച് കത്ത് അയയ്ക്കുമ്പോൾ കത്ത് എത്തേണ്ടയാൾക്ക് എത്തുകയും acknowledgement അയാളൊപ്പിട്ട് തിരിച്ചു വരുകയും ചെയ്യുന്നതുപോലെ എന്നു വേണമെങ്കിൽ വിചാരിക്കാം.

നാം S M S അയയ്ക്കുമ്പോൾ ഒരു മൊബൈൽ ഫോണിൽ നിന്ന് മറ്റൊന്നിലേക്ക് പോകുന്ന waves ന്റെ കൂടെ അതിലെ സന്ദേശവും ഉണ്ടായിരിക്കുമല്ലോ. ഈ ഉദാഹരണത്തിലൂടെ വളരെ ലളിതമായ കാര്യങ്ങൾ മനസ്സിലാക്കാൻ സഹായിക്കുമെന്നു തോന്നുന്നു. ഒരു ശരീരം വിട്ട് ആത്മാവ് ആ ശരീരത്തിന്റെ കർമ്മഫലവും ചേർത്ത് ഏറ്റവും അനുയോജ്യമായ മറ്റൊരു ശരീരത്തിലേക്ക് (അത് ലോകത്തെവിടെയായാലും) എത്തുന്നതുപോലെ ഒരു മൊബൈൽ ഫോണിൽ നിന്ന് വിടുന്ന സന്ദേശം ലോകത്തെവിടെയുള്ള മൊബൈലിലേയ്ക്കാണോ അയക്കുന്നത് അതിനെ അന്വേഷിച്ചു കണ്ടു പിടിച്ച് അതിലേക്കു തന്നെ എത്തിച്ചേരുന്നു. പാപത്തിന്റെ ബാക്കിയാണെങ്കിലും പുണ്യത്തിന്റെ ബാക്കിയാണെങ്കിലും മരണാനന്തരം ആത്മാവ് അടുത്തശരീരം തെരഞ്ഞെടുത്ത് അതിലേക്കെത്തിക്കുന്നു.

ഇനി കൂടുതൽ ഗഹനമായ മൂന്നു വാക്കുകളിലേക്ക് കടക്കാം!

**സഞ്ചിതം, ആർജിതം, പ്രാരബ്ധം.** ഇത് നമ്മുടെ പുരാണങ്ങളിലും മറ്റും വളരെ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പലരും ഇതിനെ നല്ല രീതിയിൽ വ്യാഖ്യാനിച്ചു വിവരിക്കാറുമുണ്ട്. ഒരു പക്ഷേ അവർ വിവരിക്കുന്നതിൽ നിന്ന് അൽപം വ്യത്യാസമായിട്ടായിരിക്കാം ഞാൻ വിവരിക്കുന്നത്. അതുകൊണ്ടു തന്നെ ഞാൻ നൽകുന്ന വിവരണത്തിന് ഒരു നിർവചനം കൂടി നൽകിയേക്കാം. ആ നിർവചനത്തിലൂടെ വേണം നിങ്ങളും പോകാൻ.

സഞ്ചി എന്നത് സംസ്കൃതവാക്കു തന്നെയാണ്. അതിനാൽ ഇവിടെ ഞാൻ സഞ്ചിതകർമ്മഫലം എന്നതിന് കഴിഞ്ഞ ജന്മം വരെയുള്ള ജന്മങ്ങളിൽ ചെയ്ത കർമ്മങ്ങൾ അനുഭവിച്ചു തീർക്കാത്തത് എന്ന അർത്ഥം കൊടുക്കുന്നു. അത് ഒരു സഞ്ചിയിലിട്ടു കൊണ്ടു വരുന്നതിനോട് ഉപമിച്ചാൽ കഴിഞ്ഞ ജന്മം വരെ ചെയ്തതിൽ അനുഭവിച്ചു തീർക്കാത്തത്



Scanned with CamScanner

**സഞ്ചിതകർമ്മഫലം** എന്നിവിടെ വിവരിക്കാം.

ജനനം മുതൽക്കിന്നുവരെ ഈ ജന്മത്തിൽ ചെയ്തു കൂട്ടിയത് അഥവാ ഈ ജന്മത്തിൽ acquire ചെയ്തത് **ആർജിത കർമ്മഫലം.** അപ്പപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നതിന്റേയും (ചെയ്തേ തീരൂ എന്നതിന്റെയും) **കർമ്മഫലം പ്രാരബ്ധകർമ്മഫലം.** ഇതു മൂന്നും ഈ ജന്മത്തിലനുഭവിച്ചു തീർക്കണം. ഈ ജന്മത്തിലനുഭവിച്ചു തീർക്കാത്ത മൂന്നും അടുത്ത ജന്മത്തിന്റെ തുടക്കത്തിൽ സഞ്ചിത കർമ്മഫലമായി ഭവിച്ച് അനുഭവിച്ചു തീർക്കേണ്ടതിന്റെ list-ൽ പെടുന്നു. ഇതുവരെ അനുഭവിച്ചു തീർക്കാത്ത ജന്മജന്മാന്തരകർമ്മഫലങ്ങളെല്ലാം മരിച്ച വ്യക്തിയുടെ ആത്മാവ് സഞ്ചിത കർമ്മഫലമായി കൊണ്ടു പോയി, അതെല്ലാം അനുഭവിച്ചു തീർക്കാൻ പറ്റിയ പുതിയ ഒരു ശരീരത്തിലേക്ക് എത്തിക്കുന്നു. അത് പുതിയൊരു മാതാവ്, പിതാവ്, ഗൃഹം, സ്ഥലം, വീട്, ദേശം, ലിംഗം, --------- എന്നീപ്രകാരമുള്ള പലതുമായി സ്വീകരിക്കുന്നു.

ഞാൻ ചെയ്തിരിക്കുന്ന ദുഷ്കർമ്മങ്ങളിൽ അനുഭവിച്ചു തീർക്കാത്തത് ആത്മാവ് വഹിച്ചു കൊണ്ടുപോയി അർഹിച്ച ഒരു ശരീരത്തിൽ അതിന്റെ ഉത്ഭവസ്ഥാനത്തെത്തിക്കുമ്പോൾ ആ ശരീരമാണ് കഴിഞ്ഞ ജന്മത്തെതിൽ ബാക്കിയുള്ളതെല്ലാം അനുഭവിച്ചു തീർക്കേണ്ടത്. അതിൽ വികാര വിചാരങ്ങളും സന്തോഷദുഃഖങ്ങളും, സുഖവേദനകളും, ആശാ നിരാശകളും, ഇഷ്ടാനിഷ്ടങ്ങളും, ആകർഷണവികർഷണങ്ങളും, ഭയവും, ദേഷ്യവും, വാശിയും, ദാരിദ്ര്യവും, ആഗ്രഹങ്ങളും, എല്ലാം പെടുന്നു. കാരണം അതിനെയാണ് കർമ്മഫലങ്ങളെന്നു പറയുന്നത്. അവയിൽ ഭൂരിഭാഗവും അളക്കാനും, സംഖ്യയുപയോഗിച്ച് വിവരിക്കാനുമാകാത്തതും ആകുന്നു. ദാരിദ്ര്യമുള്ളവന്റെ ദുഃഖം വിശപ്പാണ്, സമ്പന്നന്റെ ദുഃഖം നല്ലകിടക്കയില്ലെന്നതായിരിക്കും, മറ്റൊരുവന് കുഞ്ഞുങ്ങളില്ലാത്തതാകാം. ഇങ്ങിനെയുള്ള അവസ്ഥക്ക് ഭാരതീയ ഭാഷയിൽ വളരെ വ്യക്തമായ പദപ്രയോഗമുണ്ട്. **മുൻജന്മകർമ്മഫലം, മുജ്ജന്മകർമ്മഫലം** എന്നൊക്കെയുള്ള പദപ്രയോഗങ്ങൾക്ക് എത്ര കൃത്യമായ അർത്ഥമാണ് ശാസ്ത്രീയമായി നമുക്കു തരുന്നത് എന്ന് ഗഹനമായി പരിശോധിച്ചാൽ മനസ്സിലാകും.

ഞാനും നിങ്ങളും ഇങ്ങിനെയൊക്കെ ആകാൻ കാരണമെന്താണ് എന്ന ആദ്യചോദ്യത്തിനുത്തരം ഇവിടെയുണ്ട്. കഴിഞ്ഞ അനവധി ജന്മങ്ങളിൽ ഓരോന്നിലും നാം ചെയ്ത കർമ്മങ്ങളുടെ ഫലങ്ങൾ അനുഭവി



Scanned with CamScanner

ച്ചുതീർക്കാത്തത് (നല്ലതും, ചീത്തയും) ഈ ജന്മത്തിലേക്ക് transfer ചെയ്തപ്പോൾ നാം ഇങ്ങിനെയായിത്തീർന്നു.

അതുകൊണ്ട് നമുക്കെന്തു പറയാനാകും? ഈ ഭൂമിയിൽ ഞാൻ എന്നു ജനിക്കണമെന്നും, ഏത് മാതാപിതാക്കൾക്ക് ജനിക്കണമെന്നും, ഏതു വീട്ടിൽ ജനിക്കണമെന്നും, ആണായിട്ടു ജനിക്കണമോ, പെണ്ണായിട്ടുജനിക്കണമോ എന്നും, കറുത്ത തൊലിവേണോ, വെളുത്തതുവേണമോ എന്നും, ശരീരപ്രകൃതി- ആകൃതി- രൂപം- ഭാവം-------ഇതെല്ലാം എങ്ങനെയായിരിക്കണമെന്നും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം എനിക്കില്ല. അതെല്ലാം ആധാരമായിരിക്കുന്നത് ഇതുവരെയുള്ള എന്റെ ജന്മങ്ങളിലെ കർമ്മഫലങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നർത്ഥം. ഇനി പുറകോട്ട് ഒന്നുകൂടി പോകാം.

**പ്രാരബ്ധ കർമ്മഫലം** (എന്റെ നിർവചനവിവരണം). നല്ലവണ്ണം പരീക്ഷക്കു പഠിച്ച വിദ്യാർത്ഥിക്കു ലഭിക്കുന്ന കർമ്മഫലമെന്തായിരിക്കും? നല്ല ഒരു ജോലിക്കും IAS നും നിരന്തരം പഠിക്കാൻ ശ്രമിക്കുന്ന വ്യക്തി ചെയ്യുന്ന ആ കർമ്മത്തിന്റെ ഫലമായിരിക്കും അയാൾക്കു ലഭിക്കുക. മകനെ മെഡിസിനു പഠിപ്പിച്ച കർമ്മം ചെയ്ത അച്ഛന് രോഗം വരുമ്പോൾ ലഭിക്കുന്ന കർമ്മഫലം എന്തായിരിക്കും. മുറ്റത്ത് നല്ല മാവു നട്ടു വളർത്തിയാൽ ലഭിക്കുന്ന കർമ്മഫലം എന്തായരിക്കും? ഇതുപോലെ ചിന്തിക്കുക. അധർമ്മത്തിനുവേണ്ടി യുദ്ധം ചെയ്ത ഭീഷ്മർ അനുഭവിച്ചത്, ഗാന്ധാരി കണ്ണും കെട്ടി നടന്നതിന്റെ ഫലം, അപ്പപ്പോൾ ചെയ്യുന്ന കർമ്മത്തിന്റെ ഫലം, ഇതാണ് പ്രാരബ്ധ കർമ്മഫലം.

**ആർജ്ജിത കർമ്മഫലം** (എന്റെ നിർവചന വിവരണം) സദ്ദാംഹുസൈന്റെ മരണം എങ്ങിനെയായിരുന്നു? ആയിരകണക്കിനു യുവാക്കളുടെ വയറ്റിൽ ടൈംബോംബ് വെച്ച് അവർ പിടഞ്ഞു പിടഞ്ഞു മരിക്കുന്നതുകണ്ട് ആസ്വദിച്ച സദ്ദാംഹുസൈന്റെ കഴുത്തിൽ കയറിട്ട് തൂക്കി കൊന്നപ്പോൾ·അയാൾ വർഷങ്ങളായി ചെയ്ത ആർജ്ജിതകർമ്മഫലം ഭാഗീകമായി അനുഭവിച്ചു. ഒസാമ ബിൻ ലാദന്റെ മരണമെങ്ങിനെയായിരുന്നു? 40 വർഷം ലിബിയയുടെ പ്രസിഡന്റായി മനുഷ്യകൊലപാതകം ആസ്വദിച്ച ഗദ്ദാഫിയുടെ ശരീരത്തിൽ കത്തി കുത്തിയിറക്കി വലിച്ചു കീറി ഇറച്ചിക്കടയിലിട്ടു, ജനങ്ങൾ. ഒരു ജന്മത്തിൽ ചെയ്ത ദുഷ്കർമ്മത്തിന്റെ കുറെയൊക്കെ ആ ജന്മത്തിൽ തന്നെ അനുഭവിച്ചു എന്നതിനുദാഹരണമാണിതെല്ലാം. ജീവിതം മുഴുവനും മറ്റുള്ളവരെ സേവിക്കുന്ന വ്യക്തിയുടെ, ഒരു ജന്മത്തിൽ വളരെയേറെ നന്മകൾ



Scanned with CamScanner

ചെയ്യുന്ന വ്യക്തിയുടെ, ആകെയുള്ള കർമ്മഫലം ലഭിക്കുന്നത് ഒരു പക്ഷേ നല്ല മക്കൾ, നല്ല മരുമക്കൾ, നല്ല വീട്, ബന്ധുക്കൾ എന്നീപ്രകാരമാകാം.

**സഞ്ചിത കർമ്മഫലം** ഈ ജന്മത്തിൽ ഒരു ദുഷ്കർമ്മവും ചെയ്യാത്ത ഒരു ശിശു ജന്മനാൽ അന്ധനായി, ബധിരനായി, മൂകനായി, മുടന്തനായിട്ടെല്ലാം ജനിക്കുന്നു. ആനന്ദഭൈരവി എന്ന സിനിമയിൽ ചെറുപ്പം മുതൽക്കേ അസാധാരണ സംഗീതവാസനയുള്ള കുട്ടിക്ക് ആ സംഗീത വാസന എവിടെ നിന്നു ലഭിച്ചു.? ചിത്രരചന, വാദ്യം, കവിതാരചന, പ്രസംഗപാഠവം നേതൃത്വഗുണം, വാക്സാമർത്ഥ്യം, പ്രത്യേക ബിസിനസ്സിനോട് താത്പര്യം ഇതൊക്കെയെങ്ങിനെ ഉണ്ടാകുന്നു എന്ന് വെറുതെയെങ്കിലും ഒന്നു ചിന്തിച്ചു നോക്കുക. അതിനെല്ലാം കൂടി ഒരുത്തരമേയുണ്ടാകൂ. കൂടാതെ ചില വ്യക്തികൾക്ക് മറ്റുചില വ്യക്തിയോട് പ്രത്യേക ഇഷ്ടം അഥവാ അനിഷ്ടം തോന്നുക. ചില ജീവികളോട്, ചെടികളോട്, ജോലിയോട്, വ്യക്തിയോട് പ്രത്യേകസ്നേഹം അഥവാ വെറുപ്പ് തോന്നുക. ഇതെങ്ങിനെ വിവരിക്കാം? ചിലർക്ക് മധുരം ചിലർക്ക് എരിവ് കൂടുതലിഷ്ഠമാണ്. കാരണമെന്ത്? സാമാന്യഭാഷയിൽ കാരണം വിവരിക്കാനാകാത്ത പല ചോദ്യങ്ങളും ഇപ്രകാരമുളളതാണ്. അതിന്റെയുത്തരം സഞ്ചിത കർമ്മഫലങ്ങളിൽപെടുന്നു.

ഇരട്ടയായി ജനിച്ച വ്യക്തകൾക്കുപോലും പരസ്പര വിരുദ്ധമായ സ്വഭാവ വൈശിഷ്ട്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും എങ്ങനെ വരുന്നു? എല്ലാത്തിനും (എനിക്കുതോന്നുന്നു.) ഒരുത്തരമാണുള്ളത്. കഴിഞ്ഞ ജന്മത്തിലെ ബാക്കി ഈ ജന്മത്തിലേക്ക് പ്രവഹിക്കുന്നത്. അതായത് സഞ്ചിത കർമ്മഫലം. സഞ്ചിത കർമ്മഫലത്തെക്കുറിച്ച് ഭാരതീയ (വിഷ്ണു) ധർമ്മ ശാസ്ത്രം പറയുന്നതിനെക്കുറിച്ച് ഒന്നു പരിശോധിക്കാം. ഈ ഗ്രന്ഥത്തിലെ 43,44 അദ്ധ്യായങ്ങളിലായിട്ടാണ് പാപകർമ്മത്തിന്റേയും പുനർജന്മത്തിന്റെയും വിവരണം നൽകിയിട്ടുള്ളത്. ഇതിൽ വേണ്ടതു മാത്രം എടുക്കുക.

(1) പാപികൾ പല പല മൃഗങ്ങളും കൃമികളുമായി പുനർജനിക്കുന്നു. (2) അതിപാതകികൾ സ്ഥാവരങ്ങളായി/വൃക്ഷങ്ങളായി പുനർജനിക്കുന്നു (3) മഹാപാതകികൾ കൃമികളായി ജനിക്കുന്നു. (4) അനുപാതകികൾ പക്ഷികളായി ജനിക്കുന്നു (5) ഉപപാതകികൾ ജലജന്തുക്കളായി ജനിക്കുന്നു (6) ജാതി ഭ്രംശപാപം ചെയ്തവർ ജലജീവികളായും (7) സങ്കരീകരണ കർമ്മങ്ങൾ ചെയ്തവർ മൃഗങ്ങളായും (8) അപാത്രീകര



Scanned with CamScanner

ണകർമ്മങ്ങൾ ചെയ്തവർ പശുക്കളായും (9) മലിനീകരണ പാപം ചെയ്തവർ നീചമനുഷ്യരായും ജനിക്കുന്നു. (10) പ്രകീർണകങ്ങളായ പാപികൾ ഹിംസ്രജന്തുക്കളായി ജന്മമെടുക്കുന്നു. (11) ഭക്ഷ്യയോഗ്യമല്ലാത്തത് തിന്നവരും മറ്റുള്ളവരെ തീറ്റിച്ചവരും കൃമികളായി ജനിക്കുന്നു. (12) കള്ളന്മാർ കഴുകനായി ജനിക്കുന്നു

(2) അതിപാതകികൾ കുഷ്ഠരോഗികളായിതീരുന്നു. (3) ബ്രഹ്മഹത്യാ പാപം ചെയ്തവൻ ക്ഷയരോഗിയായിത്തീരുന്നു. (4) മദ്യസേവ നടത്തിയവൻ ദന്തരോഗിയായിത്തീരുന്നു (5) സ്വർണം മുതലായവ അപഹരിച്ച വ്യക്തി നഖരോഗമുള്ളവനായി പുനർജനിക്കുന്നു (6) ഗുരുവിനെ അവഹേളിച്ചവൻ ചർമ്മരോഗമുള്ളവനായി ഭവിക്കുന്നു (7) പരദൂഷണം പറയുന്ന വ്യക്തി ദുർഗന്ധം വമിക്കുന്ന മൂക്കുള്ളവനായി ജനിക്കുന്നു (8) ഇല്ലാത്ത ദോഷങ്ങൾ പറഞ്ഞുനടക്കുന്ന വ്യക്തി വമിക്കുന്ന ദുർഗന്ധമുള്ളവനായി ജനിക്കുന്നു (11) അന്നമപഹരിച്ചവൻ അജീർണരോഗം ബാധിച്ചവനായി ജനിക്കുന്നു (12) ജ്ഞാനവിജ്ഞാന ഗ്രന്ഥങ്ങളപഹരിച്ച വ്യക്തി മൂകനായി ജനിക്കുന്നു. (13) വസ്ത്രമപഹരിച്ച വ്യക്തി പാണ്ഡു രോഗിയായി/ചുണങ്ങുള്ളവനായി ജനിക്കുന്നു (15) ദേവന്മാരെയും പണ്ഡിതരേയും ആക്രോശത്തോടെ നിന്ദിച്ചവൻ മൂകനായി ജനിക്കുന്നു (16) നീചമായ വാക്കുകളുപയോഗിച്ച വ്യക്തി വിക്കുള്ളവനായിത്തീരുന്നു (17) ജന്തുജാലങ്ങളെയുൾപ്പെടെ ഗൃഹങ്ങൾ അഗ്നിക്കിരയാക്കിവൻ ഭ്രാന്തനായിത്തീരുന്നു. പശുക്കളെ വധിക്കുന്നവൻ അന്ധനായിത്തീരുന്നു (20) ദീപം അപഹരിച്ചവൻ അന്ധനായിത്തീരുന്നു (21) ദീപം നശിപ്പിച്ചവൻ ഒറ്റക്കണ്ണനോ ചെറുപ്പത്തിലേ തന്നെ നേത്രരോഗിയോ ആയിത്തീരുന്നു.

(22) മായമുള്ള ഭക്ഷണം വിൽക്കുന്നവൻ വേശ്യാവൃത്തിയിലിടനിലക്കാരനായും (25) മായം ചേർത്ത് സ്വർണമെന്നിവ വിൽക്കുന്നവൻ കള്ളനായും (26) നിഷദ്ധകർമ്മങ്ങൾ ചെയ്ത് ഉപജീവനം നത്തുന്നവൻ കറങ്ങിനടക്കുന്ന ഭിക്ഷക്കാരനായും (27) മറ്റുള്ളവന് പങ്കുവെക്കാതെ ഒറ്റയ്ക്കു ഭക്ഷണം കഴിക്കുന്നവൻ വാതരോഗിയായും (28) മറ്റുള്ളവന്റെ കാലിന് പരിക്കേൽപിക്കുന്നവൻ മുട്ടൊടിഞ്ഞവനായും (30) മറ്റുള്ളവന്റെ ജോലി തടസ്സപ്പെടുത്തുന്നവൻ ദരിദ്രനായും (31) മറ്റുള്ളവനെ ഉപദ്രവിക്കുന്നവൻ ദീർഘകാലം രോഗിയായും ജീവിക്കുന്നു. (32) ഇപ്രകാരമുള്ള ലക്ഷണത്തോടുകൂടിയാണ് മഹാപാപികൾ, അവർക്ക് ലഭിക്കുന്ന നരകശിക്ഷയനുഭവിച്ചതിനു ശേഷം ഭൂമിയിൽ വീണ്ടും ജനിക്കുന്നത്. രോഗി



Scanned with CamScanner

യായും, അന്ധനായും, കുരുടനായും, നഖമില്ലാത്തവനായുമെല്ലാം അവർ ജീവിക്കുന്നു. (33) കള്ളന്മാരായും, ബധിരന്മാരായും, മൂകന്മാരായും, ദർബലന്മാരായും, അവർ ജീവിക്കേണ്ടി വരുന്നതിനാൽ ദുഷ്കർമ്മങ്ങളൊന്നും ജീവിതത്തിൽ ചെയ്യാതിരിക്കുക, ചെയ്താൽ അവയ്ക്ക് പ്രായശ്ചിത്തവുമനുഷ്ഠിക്കുക. (45 : 1-33)

സാധാരണജീവിതത്തിൽ കുറ്റങ്ങളും തെറ്റുകളും ചെയ്യാതിരിക്കാനുള്ള ഒരു മുന്നറിയിപ്പായും ഈ വിവരണങ്ങളെല്ലാം ജീവിതത്തിൽ ഉപയോഗിക്കാം.

ഇനി വീണ്ടും പൈതൃകത്തിലേയ്ക്ക് തന്നെ മടങ്ങാം

സന്മമനസ് →സത്ചിന്തകൾ →സത്കർമ്മങ്ങൾ →എന്ന് കർമ്മഫലങ്ങൾ →സത് കർമ്മപ്രതിഫലം എന്ന് അതുതന്നെ സന്മനസ് →സത്ചിന്തകൾ →പുണ്യകർമ്മങ്ങൾ→പുണ്യം→സ്വർഗം എന്നു ഞാൻ നേരത്തെ വിവരിച്ചത് ഓർക്കുമല്ലോ. ഇതിനു സമാന്തരമായി വിവരിച്ചതാണ് ദുർമനസ് →ദുഷ്ചിന്തകൾ →ദുഷ്കർമ്മങ്ങൾ (പാപകർമ്മങ്ങൾ) ദുഷ്കർമ്മഫലങ്ങൾ (പാപം) ദുഷ്കർമ്മപ്രതിഫലങ്ങൾ (നരകം)

ഇനി നമ്മുടെ നരകത്തെ സ്വർഗമാക്കാൻ എവിടെയാണ് മാറ്റം വരുത്തേണ്ടതെന്നു നോക്കൂ! ഉത്തരം ലളിതമാണല്ലോ? മനസ്സിലാണ് മാറ്റം വരുത്തേണ്ടത്! മനസ് തിന്മയിൽ നിന്ന് നന്മയിലേക്കു പോയാൽ, ചിന്തകൾ തിന്മയിൽ നിന്ന് നന്മയിലേക്കും, കർമ്മവും, കർമ്മഫലവും, തിന്മയിൽ നിന്ന് നന്മയിലേക്കും പോകും. അപ്പോൾ ദുഷ്കർമ്മഫലവും ദുഷ്കർമ്മ പ്രതിഫലവും സത്കർമ്മ ഫലമായും (പുണ്യം) സത്കർമ്മ പ്രതിഫലമായും (സ്വർഗ്ഗം) ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ, നമുക്ക് മാറ്റിയെടുത്ത്, ആസ്വദിക്കാം!

ഇനി വേദങ്ങളും, ഇതിഹാസങ്ങളും പുരാണങ്ങളും കേൾക്കുകയും പഠിക്കുകയും ചെയ്യുന്നതിന്റെ മഹത്വം പരിശോധിക്കുക. മനസ്സിനെ തിന്മയിൽ നിന്ന് നന്മയിലേക്ക് കൊണ്ടുപോകാനുള്ള നാലുമാർഗങ്ങളിൽ ഒന്നാമത്തേത് സന്ദേശങ്ങൾ കേൾക്കുക. അത് എവിടെയെല്ലാമുണ്ടോ അത് സ്വീകരിക്കുക. വേദങ്ങളിൽ സന്ദേശങ്ങൾ മാത്രമാണുള്ളത്. രണ്ടാമത്തേത് ജീവിതാനുഭവങ്ങൾ കേൾക്കുക, പഠിക്കുക. രാമായണത്തിലും, മഹാഭാരതത്തിലും പുരാണങ്ങളിലുമതുണ്ട്.

മൂന്നാമത്തേത് കഥകൾ കേൾക്കുക. കഥകൾ മഹാഭാരതത്തിലുണ്ട് പുരാണങ്ങളിലുമുണ്ട്. നാലാമത്തേത് നന്മനിറഞ്ഞ ആചാരങ്ങളനുഷ്ഠിക്കുക.

ഈ സന്ദേശങ്ങളും അനുഭവങ്ങളും കഥകളും കേട്ടാൽ തിന്മ നിറഞ്ഞ



Scanned with CamScanner

മനസ്, ചിന്ത, കർമ്മം, കർമ്മഫലം, കർമ്മപ്രതിഫലം, നന്മനിറഞ്ഞതാകുന്നതിനാൽ വേദേതിഹാസപുരാണങ്ങൾ പഠിച്ചാൽ പുണ്യം ലഭിക്കുമെന്നു നാം പറയുന്നു. അതിന്റെ അർത്ഥം കർമ്മഫലങ്ങളിൽ മാറ്റമുണ്ടാകും! മനസിലും, ചിന്തകളിലും, കർമ്മത്തിലും മാറ്റമുണ്ടാകാതെ വേദം പഠിച്ചാലും ഇതിഹാസ പുരാണങ്ങളു പഠിച്ചാലും കേട്ടാലും ഒരു പ്രയോജനവുമില്ല എന്നതും ഇവിടെ വ്യക്തമാണല്ലോ.

നമ്മുടെ പൂർവ്വീകർ വേദമന്ത്രങ്ങൾ ശ്രവിക്കണമെന്നു പറഞ്ഞതിന്റെയും പുരാണേതിഹാസങ്ങൾ കേൾക്കണമെന്നു പറഞ്ഞതിന്റേയും പിന്നിൽ, മനസിനെ നിരന്തരം വൃത്തിയാക്കലാണ് ലക്ഷ്യം. ശരീരത്തെ നിരന്തരം വൃത്തിയാക്കുന്നതുപോലെ മനസിനേയും വൃത്തിയാക്കണം.

ഇനിയും ഗഹനമായി നീങ്ങാം. നാം കുറേയധികം ദുഷ്കർമ്മങ്ങൾ (പാപങ്ങൾ) ചെയ്തിട്ടുണ്ടെന്നു വിചാരിക്കുക. അതു മുഴുവനും പ്രകൃതി തരുന്ന ശിക്ഷയായി നരകതുല്യ ജീവിതമനുഭവിച്ചു തീർക്കുന്നത് ദുഃഖകരമായിരിക്കും. അതായത് ദുഷ്കർമ്മഫലം/പാപം നരകയാതനയനുഭവിച്ചുവേണം തീർക്കാൻ. ആരാണ് ഈ യാതന തരുന്നത്? അത് പ്രകൃതിയുടെ തന്നെ താളത്തിന്റെ ഭാഗമാണ്. അപ്പോൾ പ്രകൃതി, നാം ചെയ്ത ദുഷ്കർമ്മത്തിന് ശിക്ഷയായി നരകയാതന തരുന്നുവെങ്കിൽ, പ്രകൃതി അതു തരുന്നതു വരെ കാത്തിരിക്കാതെ ആ നരകയാതന നാം സ്വയം സ്വീകരിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ അനുഭവിച്ചുതീർക്കേണ്ടത് സ്വയം വേദനയായും, ദുഃഖമായുമെല്ലാം അനുഭവിച്ചുതീർന്നാൽ പാപത്തിൽ നിന്ന് മോക്ഷം ലഭിക്കുമല്ലോ? അപ്പോൾ ശബരിമല, കൈലാസം, അമർനാഥ്.... യാത്രയുടെ അർത്ഥമെന്താണ്? ഈശ്വരസാന്നിദ്ധ്യം ലക്ഷ്യമാക്കി ഏറ്റവും ദുർഘടവും വേദനാജനകവുമായ യാത്രയിലൂടെ അനുഭവിക്കുന്ന നരകയാതന, അനുഭവിച്ചുതീർക്കേണ്ടതായ എല്ലാ ദുഷ്കർമ്മഫലങ്ങളും erase off ചെയ്യുന്നു എന്നർത്ഥം.

ബാങ്കിൽ നിന്നു ലോണെടുത്ത സംഖ്യയും അതിന്റെ പലിശയും അടച്ചു തീർക്കാൻ മറ്റൊരു വഴിയെന്താണ്? ബാങ്കുകാരുമായി ചർച്ച ചെയ്ത് ആ തുകക്കു തുല്യമായി ബാങ്കിനു വേണ്ടി പണിയെടുക്കുക. ലോണും പലിശയും തീരുന്നതുവരെ പണിയായി തിരിച്ചുകൊടുക്കുക എന്നർത്ഥം!

ഇതിൽ നിന്ന് തീർത്ഥയാത്ര പുണ്യമാണെന്നും, പാപം (ദുഷ്കർമ്മഫലം) ഇല്ലാതാക്കുമെന്നും പറയുന്നതിന്റെ അർത്ഥവും മനസിലാകും അടുത്തുള്ള അയ്യപ്പക്ഷേത്രത്തിൽ പോയാൽ ദുഷ്കർമ്മഫലത്തിന്റെ



Scanned with CamScanner

വേദനതീരാനത് മതിയാകില്ല. പകരം 3200 അടി ഉയരത്തിലേക്ക് കഠിനമായി കയറിചെന്നാലേ അനുഭവിച്ചു തീർക്കാനുള്ളത് തീരു. ഇതിന്റെയർത്ഥം ക്ഷേത്രദർശനത്തേക്കാൾ മഹത്വം യാത്രയിലൂടെ അനുഭവിച്ചുതീർക്കേണ്ട വേദനയും ദുഃഖവും തീർക്കുകയെന്നതാണ്. ഇതു തന്നെയാണ് അനവധി മലകളും പർവതങ്ങളുമുണ്ടെങ്കിലും കൈലാസ പർവതമെന്ന ഒറ്റ പർവതത്തിന് ഇത്രയും പ്രാധാന്യം വന്നത്. എന്റെ അനുഭവത്തിന്റെ കൂടി വെളിച്ചത്തിൽ പറയാം, അതൊരു അതികഠിന യജ്ഞമാണ്. ചിന്താതീതമായ വേദനയിലൂടെ നടത്തുന്ന യാത്ര. ഇതു തന്നെ മറ്റൊരു രീതിയിൽ പ്രയാഗയിൽ ചെന്ന് കോച്ചിവലിക്കുന്ന തണുപ്പത്തുള്ള കുംഭമേളാ സ്നാനം ചെയ്തപ്പോഴും, അതികഠിനമായ അമർനാഥ് യാത്രയിലും അനുഭവിച്ചു. ഞാൻ ചെയ്തു കൂട്ടിയിരിക്കാൻ സാധ്യതയുള്ള പാപകർമ്മങ്ങൾ ഇറേസ് ഓഫ് ചെയ്തു എന്നുവേണമെങ്കിൽ പറയാം!

ഇവിടെ വേദവും, ഇതിഹാസവും, പുരാണവും തീർത്ഥയാത്രയും പുനർജന്മത്തിലെന്തിനാ ചർച്ചക്കു കൊണ്ടുവന്നത് എന്ന ഒരു ചോദ്യമുണ്ടായേക്കാം. ലളിതവും വ്യക്തവുമായ ഒരുത്തരം അതിനുണ്ട്. നൂറുഗ്രാം ദുഷ്കർമ്മഫലം അനുഭവിച്ചുതീർക്കാനുണ്ടെങ്കിൽ അതിലെ 50 ഗ്രാം കൈലാസയാത്രയിൽ സ്വയം സ്വീകരിച്ച അതികഠിനമായ വഴിയിലൂടെ അനുഭവിച്ചുതീർന്നുവെങ്കിൽ ബാക്കിയനുഭവിക്കാനുള്ളതു മാത്രമല്ലേ സഞ്ചിതകർമ്മഫലമായി അടുത്ത ജന്മത്തിലേക്ക് transfer ചെയ്യുകയുള്ളൂ. കുറേ അനുഭവിച്ചുതീർന്നില്ലേ!!

വേദ പുരാണേതിഹാസശ്രവണത്തിലൂടെ ലഭിക്കുന്ന സന്ദേശങ്ങൾ മനസ്സിലും ചിന്തകളിലും അതിലൂടെ കർമ്മത്തിലും മാറ്റം വരുത്തിയാൽ ആ ദിവസം മുതൽക്ക് കർമ്മഫലത്തിലും, മാറ്റം വരുമല്ലോ. അങ്ങിനെ പ്രാരബ്ധകർമ്മവും ആർജിതകർമ്മവും നന്നായാൽ അവയുടെ കർമ്മഫലങ്ങളും നന്നാകും. ഈ ജന്മത്തിൽ നിന്ന് അടുത്തതിലേക്കു മാറുമ്പോൾ കൊണ്ടുപോകുന്ന സഞ്ചിത ദുഷ്കർമ്മഫലങ്ങളുടെ അളവും അപ്രകാരം കുറയുമല്ലോ? അതല്ലെങ്കിൽ സത്കർമ്മഫലങ്ങൾ കൂടുകയും ചെയ്യുന്നുണ്ടാകും!

മറ്റൊരുവനെ സഹായിക്കുന്നു, ശുശ്രൂഷിക്കുന്നു, പ്രകൃതി സംരക്ഷിക്കുന്നു, ജീവജാലങ്ങൾക്ക് നന്മ ചെയ്യുന്നു എന്നെല്ലാം പറയുമ്പോൾ അവക്കാധാരമായി വരുന്ന ആദ്ധ്യാത്മീകം (വ്യക്തിപരമായ) ആദിഭൗതീകം (ചുറ്റുമുള്ളതിന്), അധിദൈവതം (പ്രകൃതിയിലുള്ളതിന്) സത്



Scanned with CamScanner

കർമ്മങ്ങളിലൂടെയും സത്ഫലങ്ങളിലൂടെയും നമ്മുടെ കർമ്മഫലങ്ങൾ നന്മയിലേക്കു തിരിയുന്നു.

തീർത്ഥയാത്രപോലെ ഒന്നാണ് വ്രതാനുഷ്ഠാനവും. വിശപ്പിന്റെ വിലയും ദുഃഖവും അനുഭവിക്കുമ്പോൾ, അനുഭവിച്ചു തീർക്കേണ്ടതായ കുറേ പാപകർമ്മഫലങ്ങൾ അനുഭവിച്ചുതീരുന്നു.

കയ്യിലുള്ള സമ്പത്തിന്റെ ഒരു ഭാഗം ദാനം ചെയ്യുമ്പോൾ അതിന്റെ നന്മയെന്നു പറയുന്നത്, അനുഭവിക്കാനുള്ള സത്കർമ്മഫലത്തിലൊരംശം അനുഭവിക്കാതെ വേണ്ടെന്നു വെക്കുമ്പോൾ തത്തുല്യമായ ദുഷ്കർമ്മഫലങ്ങൾ erase off ചെയ്യുന്നു. Fixed deposit ന്റെ interest loan ന് അടച്ചാൽ അത്രയും loan amount കുറയുന്നതു പോലെയെന്നു പറയാമല്ലോ. അതുകൊണ്ട് ദാനധർമ്മാദികൾക്കും മഹത്വമുണ്ട്. അർഹിക്കുന്ന വ്യക്തികൾക്കുമാത്രമേ ദാനം ചെയ്യാവൂ എന്നത് നിർബന്ധമാണ്.

ഇനി പുനർജന്മത്തിലേക്കുതന്നെ മടങ്ങാം.

പലരീതിയിൽ ദുഃഖിക്കുന്നവരും അംഗവൈകല്യം സംഭവിച്ചവരും അന്ധരും ബധിരരും മൂകരുമായെല്ലാം ജനിക്കുന്നത് മുജ്ജന്മകർമ്മഫലമാണെന്നു അംഗീകരിക്കുന്നു അഥവാ വിശ്വസിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ ഒരു കണ്ണിന് കാഴ്ചയില്ലാത്തവനും രണ്ട് കണ്ണിനും കാഴ്ചയില്ലാത്തവനും തമ്മിലെന്തായിരിക്കാം സഞ്ചിതദുഷ്കർമ്മഫലങ്ങളിലെ വ്യത്യാസം. രണ്ടു കണ്ണിനും കാഴ്ചയില്ലാത്തവന്റെ സഞ്ചിത ദുഷ്കർമ്മഫലത്തിന്റെ അളവ് ഒരു കണ്ണിന് കാഴ്ചയില്ലാത്തവന്റെ സഞ്ചിത ദുഷ്കർമ്മഫലത്തിന്റെ അളവിനേക്കാൾ കൂടുതലാണ്. ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചവന്റേയും ധനിക കുടുംബത്തിൽ ജനിച്ചവന്റേയും സഞ്ചികർമ്മഫലങ്ങളുടെ അളവിൽ എന്തായിരിക്കും വ്യത്യാസം? ഉത്തരമറിയാമല്ലോ?

ഇങ്ങിനെ ദുഷ്കർമ്മഫലങ്ങളുടേയും അളവുകൾ സത്കർമ്മഫലങ്ങളുടേയും തട്ടിക്കിഴിച്ച് ബാക്കിയുമായി ആത്മാവ്, വ്യക്തിയുടെ മരണശേഷം അടുത്തൊരു ശരീരത്തെ തേടി പോകുമ്പോൾ സഞ്ചിത കർമ്മഫലങ്ങളുടെ അളവിനെ ഏതുതരത്തിൽ വിഭജിക്കാമെന്നാണെങ്കിൽ, നമ്മുടെ പൂർവ്വീകർ പറയുന്നു 6 പടികളായി വിഭജിക്കാം. 'പടിയാറും കടന്ന് അവിടെ ചെല്ലുമ്പോൾ' നമ്മുടെ ആത്മാവ് പരമാത്മാവിലലിഞ്ഞുചേരുന്നു. അത് പാരമാർത്ഥികമായ മോക്ഷത്തിലവസാനിക്കുന്നു. അതായത് ജീവാത്മാവ് പരമാത്മാവിലലിയുന്നു. Individual soul gets dissolved in cosmic soul എന്നർത്ഥം.



Scanned with CamScanner

ഈ ആറുനില എന്നു പറയുന്നതെന്തായിരിക്കും? അതിപ്രകാരം വിവരിച്ചാൽ മനസിലാക്കാൻ കുറെ എളുപ്പമാണെന്നു തോന്നുന്നു. ഇതു നമ്മുടെ പൂർവ്വീകരോ ശാസ്ത്രജ്ഞന്മാരോ നൽകിയ വിവരണമല്ല. അവർ നൽകിയ വിവരണത്തെ സാധാരണക്കാർക്കായി ഞാൻ വ്യാഖ്യാനിക്കുന്നു എന്നു മാത്രം.

| | | |
|---|---|---|
| 1. പാപകർമ്മഫലം = 100% | + പുണ്യകർമ്മഫലം = 0 | = 1 |
| 2. പാപകർമ്മഫലം = 80% | + പുണ്യകർമ്മഫലം = 20% | = 2 |
| 3. പാപകർമ്മഫലം = 60% | + പുണ്യകർമ്മഫലം = 40% | = 3 |
| 4. പാപകർമ്മഫലം = 40% | + പുണ്യകർമ്മഫലം = 60% | = 4 |
| 5. പാപകർമ്മഫലം = 20% | + പുണ്യകർമ്മഫലം = 80% | = 5 |
| 6. പാപകർമ്മഫലം = 0 | + പുണ്യകർമ്മഫലം = 100% | = 6 |

(= ഏകദേശം എന്നതിനെഴുതുന്നത്)

ആറാമത്തെ നിലയിലെത്തിയാൽ പിന്നെ അടുത്ത ജന്മത്തിലേക്ക് കൊണ്ടുപോകാൻ സഞ്ചിത പാപകർമ്മഫലങ്ങളില്ലാതെ വരുമ്പോൾ അഥവാ പുണ്യകർമ്മഫലങ്ങൾ (സത്കർമ്മഫലങ്ങൾ) മാത്രമാകുമ്പോൾ ആത്മാവ് (പരമമായ അവസ്ഥയിലെത്തുമ്പോൾ) പരമാത്മാവിലലിയുന്നു.

അതേ സമയം ഈ ആറ് അവസ്ഥകളിലും ജീവിതത്തിൽ ദുഃഖങ്ങൾ + വേദനകൾ+ ഭയം + എന്നീ പ്രകാരമുള്ള നെഗറ്റീവുകൾ അനുഭവിക്കുന്ന അളവും 1 ൽ നിന്ന് 6 ലേക്ക് കുറഞ്ഞുകൊണ്ടേ വരുന്നു. അഥവാ സന്തോഷം, സുഖം, ആനന്ദം എന്നിവ കൂടിക്കൊണ്ടേയിരിക്കും. അതനുസരിച്ച് ശരീരത്തിനും മനസിനും അനുഭവിക്കേണ്ടിവരുന്ന നന്മകൾ കൂടുതൽ ലഭിക്കുന്ന കുടുംബത്തിൽ അത്തരത്തിലുള്ള നന്മ തരാൻ കഴിവുള്ള മാതാപിതാക്കളുടെ മകനായി/മകളായി ജനിക്കുന്നു.

1 ൽ നിന്ന് 6 ലേക്കുള്ള പ്രയാണം അനേകം ജന്മങ്ങളിലൂടെ യായിരിക്കും സംഭവിക്കുക. അതിൽ മനുഷ്യനായി മാത്രമല്ല വ്യത്യസ്ഥ ജീവജാലങ്ങളായുമുള്ള പ്രയാണമുണ്ടെന്നോർക്കണം. പശുവായും, കീടമായും, വൃക്ഷമായും... ജ്ഞാനപ്പാനയിൽ പറഞ്ഞിരിക്കുന്നതുപോലെ!

ഏകദേശം നൂറുശതമാനവും നന്മചെയ്തവന് രണ്ട് option കളുണ്ടത്രെ. ഒന്ന് പുനർജന്മമില്ലാത്ത അവസ്ഥയിലേക്ക് അഥവാ പരമാത്മചൈതന്യത്തിലേക്ക് വിലയം പ്രാപിക്കൽ. മറ്റൊന്ന് അവസാനത്തെ ജന്മത്തിൽ ഈ ഭൂമിയിൽ ലഭിച്ച സുഖവും സന്തോഷവും കുറേക്കാലം കൂടി അനുഭവിക്കണമെന്ന് ആഗ്രഹം അവശേഷിക്കുന്നുവെങ്കിൽ വീണ്ടും അതു



Scanned with CamScanner

പോലെ ഒന്നോ കൂടുതലോ മനുഷ്യജന്മം വീണ്ടും ആഗ്രഹമനുസരിച്ച് ലഭിക്കുന്നു. ഭൂമിയിൽ തന്നെ സ്വർഗസുഖമനുഭവിക്കുന്നതിന് പറ്റിയ സ്ഥലത്ത്, ഗൃഹത്തിൽ, ദേശത്തിൽ, നന്മനിറഞ്ഞവരുടെ മകനായി/മകളായി ജനിക്കുന്നു.

ചിലരുടെ ജീവിതാഭിലാഷം, ഇനി ജനനമരണങ്ങൾ വേണ്ട, പരമപദ പ്രാപ്തിമതിയെന്നാണെങ്കിൽ, ആ വ്യക്തി വാർദ്ധക്യത്തിലെത്തുമ്പോൾ ആ ജന്മത്തിൽ ഏകദേശം 98% പുണ്യകർമ്മങ്ങളും കുറച്ച് പാപകർമ്മങ്ങളുമാണു ചെയ്തിട്ടുള്ളതെങ്കിൽ ജീവിതാന്ത്യത്തിൽ അവശേഷിക്കുന്ന 2% നരകയാതനയായി അന്ത്യകാലത്ത്, ബാക്കി ഒന്നും വെക്കാതിരിക്കാൻ, അനുഭവിച്ചുതീർക്കുന്നു. പിന്നെ മോക്ഷമായി ആത്മാവിന് carryover ചെയ്യാൻ ദുഷ്കർമ്മഫലങ്ങളില്ലാതായി.

രമണമഹർഷിയും, രാമകൃഷ്ണ പരമഹംസരും, ശ്രീനാരായണഗുരുദേവനുമെല്ലാം ജീവിതാന്ത്യത്തിൽ കുറേ വേദന സഹിച്ച് മരിച്ചതെന്തുകൊണ്ടാണെന്നതിന് ഇതാണുത്തരം. അറിഞ്ഞോ അറിയാതേയോ അവർ ചെയ്ത പാപകർമ്മഫലങ്ങൾ അനുഭവിച്ചുതീർക്കാനുള്ളതിന്റെ അവസാനത്തെതും തീർത്ത് ആത്മാവിന് carry over ചെയ്യാനായി ബാക്കിയൊരംശം പോലും (കർമ്മഫലം) അവശേഷിപ്പിക്കാതെ അവരുടെ ആത്മാവിനെ പരമാത്മാവ് സ്വീകരിക്കുന്ന അവസ്ഥയെത്തിക്കുന്നു.

ഇനി നമുക്കു ശുദ്ധശാസ്ത്രത്തിലേക്കു കടക്കാം. ഇതാണ് മേൽവിവരണങ്ങൾക്കെല്ലാം ആധാരമായ അത്യാധുനിക ശാസ്ത്രലോകത്തിലെ കണ്ടുപിടുത്തങ്ങൾ.

- കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ സുപ്രസിദ്ധ മനഃശ്ശാസ്ത്രജ്ഞനായ ബ്രയൻ വയ്സ് പുനർജന്മത്തെക്കുറിച്ച് അതിഗഹനമായി പഠിച്ചു. ഇപ്പോൾ അദ്ദേഹം മിയാമി യൂണിവേഴ്സിറ്റിയിലെ മനഃശാസ്ത്ര പ്രൊഫസറായി പ്രവർത്തിക്കുന്നു.

- അദ്ദേഹം പുനർജന്മത്തെക്കുറിച്ച് വിശകലനാത്മകമായി പഠിച്ചത് റിഗ്രസ്സീവ് അഥവാ റിട്രോഗ്രസ്സീവ് ഹിപ്നോട്ടിസം എന്ന സംവിധാനത്തിലൂടെയാണ്.

- ഓരോ വ്യക്തിയുടേയും ഇന്നലേകളുടെ ഓർമ്മകളിൽ നിലനിൽക്കുന്നത് ഹിപ്നോട്ടിസത്തിലൂടെ ഉറക്കി പറയിപ്പിക്കുന്നു. ഇന്നലെ, കഴിഞ്ഞവർഷം, പതിറ്റാണ്ടുകൾക്ക് മുമ്പ് എന്നിപ്രകാരം പുറകോട്ടു പോയാൽ എല്ലാ വിവരണങ്ങളും ലഭിക്കുന്നതാണ് റിട്രോഗ്രസ്സീവ് ഹിപ്നോട്ടിസം.



Scanned with CamScanner

🕮 ഒരു വ്യക്തി, അമ്മയുടെ ഗർഭത്തിൽ 4 മാസം പ്രായമാകുന്നതിനു ശേഷം, ഹിപ്നോട്ടിസം ചെയ്യുന്ന ദിവസം വരെയുള്ള കാര്യങ്ങൾ ആ വ്യക്തിക്ക് ഓർമ്മിച്ചു പറയുവാൻ സാധിക്കും. ഇങ്ങിനെയാണ് ചില വ്യക്തികളുടെ മനസ്സിലുള്ള, ബോധമനസ്സറിയാത്ത, കാര്യങ്ങൾ ഉപബോധമനസ്സിൽ നിന്ന് ചികഞ്ഞെടുക്കുന്നത്.

🕮 മണിച്ചിത്രത്താഴ് എന്ന സിനിമയിലെ സംഭവങ്ങൾ ഓർമ്മിക്കുമല്ലോ.

🕮 ബ്രയിൻവയ്സിനെ ഒരിക്കൽ കാതറിൻ എന്നു പേരുള്ള അസാധാരണ സ്വഭാവവിശേഷങ്ങളും, ഭയം, വെറുപ്പ്, അപകർഷതാ എന്നിവികാരങ്ങൾക്കടിമപ്പെട്ടതുമായ പെൺകുട്ടി ബന്ധപ്പെട്ട് തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പറയുന്നു.

🕮 ആ കുട്ടിയുടെ അനുവാദത്തോടെ വയ്സ് ഇപ്രകാരം റിട്രോഗ്രസീവ് ഹിപ്നോട്ടിസം നടത്തി അമ്മയുടെ ഗർഭത്തിൽ 4 മാസം പ്രായമായതിനുശേഷമുള്ളതു മാത്രമല്ല പറയിച്ചത്. അതിനു പുറകോട്ട് രണ്ടായിരത്തിലധികം വർഷങ്ങളായി അനവധി ജന്മത്തിലൂടെ കാതറിന്റെ ആത്മാവ് കടന്നു വന്നതും അതിനായി ഉപയോഗിച്ച ശരീരവും, ആ ശരീരത്തിന്റെ (വ്യക്തിയുടെ) പേരുമെല്ലാം ഇപ്രകാരം റിട്രോഗ്രസ്സീവ് ഹിപ്നോട്ടിസത്തിലൂടെ പറയിച്ചു.

🕮 ഈ പരീക്ഷണങ്ങളെല്ലാം വിവരിക്കുന്ന പുസ്തകങ്ങളാണ് മെനി ലൈവ്സ് മെനിമാസ്റ്റേഴ്സ്, മെസ്സേജസ്ഫ്രം ദി മാസ്റ്റേഴ്സ്, സേം സോൾ മെനി ബോഡീസ്

🕮 ഈ പുസ്തകപരമ്പരയിലെ അവസാനത്തേതാണെന്നു തോന്നുന്നു, സേം സോൾ മെനി ബോഡീസ്

🕮 കോടിക്കണക്കിന് കോപ്പികൾ വിറ്റഴിച്ച ഈ പുസ്തകത്തിലെ ഹിപ്നോട്ടിക് കണ്ടുപിടുത്തങ്ങളെ ഇതുവരെ മറ്റ് ഡോക്ടർമാരോ, ശാസ്ത്രജ്ഞന്മാരോ മനശാസ്ത്രജ്ഞന്മാരോ തള്ളിപ്പറഞ്ഞിട്ടില്ലെന്നു തോന്നുന്നു.

🕮 സോക്രട്ടീസിനോടൊപ്പം ജീവിച്ചിരുന്നതു മുതൽ (ബി.സി. 500) ക്കുള്ള തന്റെ 80 ൽ പരം മനുഷ്യജന്മങ്ങളിൽ വ്യക്തമായി 40 എണ്ണം കാതറിൻ വിവരിക്കുന്നു. അതിലെ ശ്രദ്ധേയമായ ചില പോയിന്റുകൾ.

🕮 കാതറിൻ ഒരു തരത്തിലുള്ള പരിമിതികളുമില്ലാതെ പ്രൊഫസർ ബ്രയൻവയ്സ്സിന്റെയടുത്തു വന്ന് തന്റെ ബുദ്ധിമുട്ടുകൾ സ്വബോധ



Scanned with CamScanner

ത്തിലും ഹിപ്നോട്ടിക് നിദ്രാവേളയിലും തുറന്നുപറയാൻ കാരണം അന വധി ജന്മങ്ങളിലെ അവർ തമ്മിലുള്ള ബന്ധമായിരുന്നു.

- ഹിപ്നോട്ടിക് നിദ്രവേളയിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് പല ഭാഷ കളിൽ ഉത്തരം പറയുന്നത് അതാതുരാജ്യത്തിൽ ജന്മമെടുത്തപ്പോൾ അവിടെയുപയോഗിച്ചിരുന്ന ഭാഷയായതിനാലാണ്.
- അമേരിക്കക്കുപുറത്ത് ഒരിക്കലും പോകാത്ത കാതറിന് ഈജിപ്ഷ്യൻ, മംഗോളിയൻ ഭാഷകൾ സംസാരിക്കാൻ സാധിച്ചത് മുൻജന്മങ്ങളിൽ ചിലത് ആ ദേശത്തായതുകൊണ്ടായിരുന്നു.
- കാലിഫോർണിയ യൂണിവേഴ്സിറ്റിയിലെ ചില ഡിപ്പാർട്ടുമെന്റിലെ ചില വ്യക്തികളോട് കാതറിന് അസാധാരണമായ വെറുപ്പ് തോന്നാൻ കാരണം പൂർവജന്മത്തിൽ ഭർത്താവായും സുഹൃത്തായും കുടുംബാം ഗമായും കാതറിനെ വേദനിപ്പിച്ചതിന്റെ വെറുപ്പ് മനസ്സിൽ നിലനിൽക്കു ന്നതിനാൽ.
- കഴിഞ്ഞ ജന്മത്തിൽ യുദ്ധകപ്പലിൽ ജോലി ചെയ്യവേ ബോംബു വീണ് ശരീരത്തിൽ തീപടർന്നു പിടിച്ചപ്പോൾ കടലിൽ ചാടി. ആ ചാട്ടം മരണ ത്തിന് കാരണമായതിനാൽ ആളിപ്പടർന്ന തീയിൽ നിന്ന് രക്ഷപ്പെടാ നായി കടലിൽ ചാടി മരിച്ചതിന്റെ ഭയമായിരുന്നു. കാതറിന് അഗ്നിയും വെള്ളവും അത്യധികം ഭയമുളവാക്കിയതിന് കാരണം.

- കാതറിനോട് ബ്രയൻവയ്സ് ചോദ്യം ചോദിച്ചപ്പോൾ കാതറിന് ഉത്ത രം ലഭിച്ചത് മാസ്റ്റർ ഏഞ്ചൽ നൽകുന്ന ഉത്തരമായിരുന്നു എന്ന് കാത റിൻ പറയുന്നു.
- ഒരു ജന്മത്തിലെ ശരീരം ഉപേക്ഷിച്ചു, അഥവാ മരിച്ചു എന്നു ഹിപ്നോ ട്ടിക് ഉറക്കത്തിൽ പറയുന്ന കാതറിൻ അടുത്ത ശരീരം, ആത്മാവ് സ്വീക രിക്കാനുള്ള കാലതാമസത്താലാണ് പ്രൊഫസറുടെ ചോദ്യത്തിന് മറു പടി പറയാൻ വൈകിയത്.
- ആത്മാവിന് ആറു നിലവാരമുണ്ടെന്നു പറഞ്ഞതും കാതറിൻ തന്നെ അത് പാപപുണ്യ (ദുഷ്കർമ്മ സത്കർമ്മങ്ങളുടെ) അളവനുസരിച്ചാണ്.
- കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന വിദേശികളായ വിദ്യാർത്ഥികളിൽ നിന്നാണ് കാതറിന്റെ മുൻജന്മകാലത്തെ വിവിധ ദേശ ഭാഷപ്രയോഗം പ്രൊഫസർ വിവർത്തനം ചെയ്തു മനസ്സിലാക്കിയത്.
- കാതറിന്റെ ആ ഭാഷാ പ്രയോഗത്തിൽ തെറ്റുകളുണ്ടായിരുന്നില്ല.



Scanned with CamScanner

കാതറിനും മാതാപിതാക്കളും ഒരിക്കലും അമേരിക്കക്കു പുറത്തു പോയി ട്ടുമില്ല, മറ്റു ഭാഷകൾ പഠിച്ചിട്ടുമില്ല.

ഓരോ ജന്മത്തിലേയും തന്റെ മാതാപിതാക്കളേയും, സുഹൃത്തുക്കളേയും, ജനിച്ച സ്ഥലവും, ചെയ്ത ജോലിയുമെല്ലാം, കാതറിൻ വളരെ വ്യക്തമായി അദൃശ്യമായ മാസ്റ്റർ ഏഞ്ചലിന്റെ സഹായത്തോടെ (കാതറിൻ) ചോദ്യങ്ങൾക്കുത്തരമായി പറഞ്ഞു.

തന്റെ കഴിഞ്ഞകാലജന്മങ്ങൾ മൃഗമായും സസ്യങ്ങളായും ജീവിച്ചത് (ഹിപ്നോട്ടിസത്തിലൂടെയുള്ള ചോദ്യങ്ങൾക്ക്) ഓർമ്മിച്ചു പറയാൻ അസാദ്ധ്യമാണെന്ന് കാതറിൻ പറഞ്ഞു.

രണ്ടായിരത്തഞ്ഞൂറു വർഷത്തെ ജനനമരണങ്ങൾ കഴിഞ്ഞിട്ടും പല ശരീരങ്ങൾ സ്വീകരിച്ച് തിരസ്കരിച്ചിട്ടും കാതറിന്റെ ആത്മാവ് രണ്ടാം നിലയിൽ നിൽക്കുന്നു. ഇനി ജനനമരണങ്ങളില്ലാത്ത ആറിനപ്പുറം കടക്കാൻ എത്രയോ ജന്മങ്ങൾ വേണം.

ഇവിടെ വളരെ വ്യക്തമാകുന്നു, ഭാരതീയർ പറഞ്ഞ പടിയാറും കടന്നവിടെ ചെല്ലുമ്പോൾ .. 'ആറുപടികളുണ്ട് ആത്മാവിന്'.

ആത്മാവ് കർമ്മഫലവും കൊണ്ടുപോകുന്നു. ആത്മാവിന് രൂപഭാവങ്ങളില്ല. അതെന്താണെന്നും വിവരിക്കാൻ സാധിച്ചില്ല, സാധിക്കുകയുമില്ല.

സത്കർമ്മഫലങ്ങൾ മനസ്, ശരീരം, കുടുംബം, സമൂഹം, രാഷ്ട്രം, പ്രകൃതിയുടെ ശാശ്വതമായ നന്മക്കുതകുന്ന പ്രവർത്തിയുടെ ഫലങ്ങളാണ്. അതാണ് ആത്മാവ് അടുത്ത ശരീരത്തിലേക്ക് കൊണ്ടു പോകുന്നത്.

ഒരാൾ ഒരു സമൂഹത്തിനു വേണ്ടി എന്തെങ്കിലും കർമ്മം ചെയ്യേണ്ടി വരുമ്പോൾ ഉദാ: ഒരു പട്ടാളക്കാരന് ശത്രുവിനെ വധിക്കേണ്ടിവരുമ്പോൾ കർമ്മഫലം രാഷ്ട്രത്തിന്റേതായിത്തീരുന്നു, അതു വ്യക്തിയിലൂടെ നടക്കുന്നുവെങ്കിലും

ഒരാരാച്ചാർ ഒരു കുറ്റവാളിയെ തൂക്കിക്കൊല്ലുന്നു എങ്കിൽ ആ നരഹത്യ സമൂഹത്തിന്റെ കർമ്മഫലമായിത്തീരുന്നു.

സത്കർമ്മഫലങ്ങളും ദുഷ്കർമ്മഫലങ്ങളും ഉണ്ടെന്നു വ്യക്തമായി വിവരിക്കാൻ ശാസ്ത്രം കൊണ്ട് സാധിക്കുന്ന ഇക്കാലഘട്ടത്തിൽ നമുക്ക് ഇനിയും ചിന്തിക്കാം.

ഒരു ക്ഷേത്രത്തിലെ ഭക്തരെന്നു പറയുന്ന വ്യക്തികളെ ആനന്ദിപ്പിക്കാനും ആഡംബരത്തിനുമായി ആനകളെ ഉപയോഗിക്കുമ്പോൾ ആനകളുടെ ശാപം, വേദന, ദുഃഖം ആർക്കാണ് ഏൽക്കേണ്ടിവരുക?



Scanned with CamScanner

🙏 അന്തരീക്ഷത്തെ പൂർണമായും വിഷലിപ്തമാക്കുന്ന വെടിക്കെട്ടിലൂടെ അനവധി മരണങ്ങളുടേയും, കാൻസർ രോഗികൾക്കുണ്ടാകുന്ന വേദനയുടേയും ശാപം ആർക്കാണ് ഏൽക്കേണ്ടിവരിക?

🙏 ഇറച്ചിക്കുവേണ്ടി ഹീനമായ രീതിയിൽ വധിക്കപ്പെടുന്ന മൃഗങ്ങൾ അനുഭവിക്കുന്ന വേദനയുടെ ഫലം ആരാണ് അനുഭവിക്കേണ്ടിവരിക?

🙏 കൈക്കൂലിയും കള്ളത്തരവും ചെയ്യുന്നവരുടെ കർമ്മഫലം എവിടെ ചെന്നവസാനിക്കുന്നു?

🙏 മറ്റെല്ലാ ജീവജാലങ്ങൾക്കും നരകതുല്യമായ ജീവിതം ഉണ്ടാകുന്ന അന്തരീക്ഷമലിനീകരണത്തിന്റെ കർമ്മഫലം എവിടെയെത്തിക്കുന്നു?

🙏 ഓരോന്നും ചിന്തിക്കുമ്പോൾ നാം മനസ്സിന്, ശരീരത്തിന്, കുടുംബത്തിന്, സമൂഹത്തിന്, രാഷ്ട്രത്തിന്, പ്രകൃതിയുടെ നിലനിൽപ്പിന് ചെയ്യുന്ന സത്കർമ്മങ്ങളും അവക്കെതിരെ ചെയ്യുന്ന ദുഷ്കർമ്മങ്ങളുമാണ് വിലയിരുത്തേണ്ടത്.

വീണ്ടും ബ്രയൻവയസിലേക്ക് പോകാം. ഈ ഉജ്ജ്വലമായ പുനർജന്മ പുസ്തകങ്ങൾ എഴുതിയ പ്രൊഫസർ ബ്രയൻവയ്സ് ഇന്ത്യയിലേക്കു വന്നിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതീയ വീക്ഷണമോ ഉദ്ധരണികളോ അദ്ദേഹത്തിന്റെ പുസ്തകത്തിൽ കണ്ടില്ല. പക്ഷേ അത്ഭുതത്തോടെ പറയട്ടെ നമ്മുടെ രാമായണ-മഹാഭാരത-പുരാണ വിവരണങ്ങളിലെ ചരിത്രങ്ങളും കഥകളും ബ്രയൻവയ്സ് ശുദ്ധശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി തെളിയിച്ചിരിക്കുന്നു എന്നതാണ് സത്യം.

ഭാരതീയനല്ലാത്ത വ്യക്തിയും ഭാരതീയ വീക്ഷണത്തിന്റെ സ്വാധീനമില്ലാത്ത വ്യക്തിയുമായ അദ്ദേഹം സ്വതന്ത്രമായ റിഗ്രോഗ്രസ്സീവ് ഹിപ്നോട്ടിസത്തിലൂടെ ആദ്യം കാതറിൻ എന്ന പെൺകുട്ടിയുടെ ജന്മജന്മാന്തരങ്ങളെക്കുറിച്ച് അർത്ഥശങ്കക്കിടമില്ലാത്തവിധത്തിൽ തെളിയിച്ചു. പിന്നീട് അപ്രകാരം നൂറുകണക്കിന് വ്യക്തികളിലും പരീക്ഷണം നടത്തി ഇതേ പ്രകാരമുള്ള തെളിവുകൾ നിരത്തി.

ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഏകദേശം നൂറു വ്യക്തികളിൽ നടത്തിയ പരീക്ഷണത്തിന്റെ ഫലങ്ങൾ Alive എന്ന മാഗസിനിൽ 2006 ൽ പ്രസിദ്ധീകരിച്ചത് ഇത്തരുണത്തിൽ ഓർമ്മിക്കട്ടെ. അതിൽ ഭൂരിഭാഗം വ്യക്തികളും തന്റെ കഴിഞ്ഞ ജന്മത്തിലെ ഭാര്യ, ഭർത്താവ്, മക്കൾ, വീട്, ദേശം ഇവയെല്ലാം തെളിവുകളോടെ തിരിച്ചറിഞ്ഞു.

🙏 ഭഗവദ്ഗീതയിലെ വരി; ജാതസ്യഹി ധ്രുവോർമൃത്യു ധ്രുവം ജന്മമൃതസ്യച ജനിച്ചാൽ മരണമുണ്ട് മരിച്ചാൽ വീണ്ടും ജനനമുണ്ട്



Scanned with CamScanner

ജീർണിച്ച വസ്ത്രം ഉപേക്ഷിച്ച് നാം എപ്രകാരമാണോ പുതിയ വസ്ത്രം സ്വീകരിക്കുന്നത് അതുപോലെ ജീർണിച്ച ശരീരം ഉപേക്ഷിച്ച് ആത്മാവ് പുതിയ ശരീരം സ്വീകരിക്കുന്നു.

ആത്മാവിന് മരണമില്ല. അതു പരമാത്മാവിൽ നിന്നുത്ഭവിച്ച് അനേകം ശരീരം, അനേകം ജന്മത്തിലൂടെ സ്വീകരിച്ചുപേക്ഷിച്ച് അന്ത്യത്തിൽ പരമാത്മാവിലേക്കു തന്നെ എത്തിച്ചേരുന്നു.

മഹാഭാരതത്തിലെ അംബാ അംബിക അംബാലികയുടെ കഥയിൽ നിന്ന് ശിഖണ്ഡിയിലേക്കുള്ള പ്രയാണം ഒരു ശാസ്ത്രസത്യമായി മാറുന്നു.

ഭരതനും, ജഡഭരതനും, ഭാരതമ്മാനുമെല്ലാം ഭാഗവതത്തിലെ കഥകളിൽ നിന്ന് പുനർജന്മത്തിലെ ശാസ്ത്രത്തിലേക്കു മാറുന്നു.

ഓരോരുത്തരുടെ പുനർജന്മകഥകൾ ശാസ്ത്രയാഥാർത്ഥ്യത്തിലേക്ക് വഴികാട്ടുന്നു.

ചിലർക്ക് ചിലവിഷയങ്ങളോട്, ദ്രവ്യങ്ങളോട്, സംഗീതത്തോട്, കലകളോട്, കളികളോടുള്ള ജന്മനാലുള്ള അതിയായ താൽപര്യത്തിനുകാരണം, കുറേയൊക്കെ പൂർവജന്മബന്ധം, ആഗ്രഹം, ഇഷ്ടം....! അനുഭവിക്കാനാഗ്രഹിച്ച പലതും അനുഭവിക്കാൻ സാധിക്കാത്തത്, അനുഭവിച്ചു മതിവരാത്തത്, ഇനിയും വേണമെന്ന അന്ത്യകാലത്തെ അഭിലാഷം...!

ചില വ്യക്തികളോട് നമുക്കു തോന്നുന്ന അമിത സ്നേഹം, താൽപര്യം, വെറുപ്പ്, ഇഷ്ടമില്ലായ്മ, അതിന്റെ കാരണമെന്താകും?

ആനന്ദഭൈരവിസിനിമയിലെ കുട്ടിക്ക് സംഗീതത്തോട് അത്യമിതവാസനക്കുകാരണമെന്ത്? തന്നത്താൻ സംഗീത ശാസ്ത്രം വിവരിക്കാൻ സാധിച്ചതെന്തുകൊണ്ട്?

ചിലർക്ക് മധുരത്തോട്, എരിവിനോട്... ആസക്തിക്കു കാരണമെന്ത്?

ചിലർക്ക് ഏകാന്തതയോട്, ആത്മീയതയോട്, ആഡംബരത്തോട് ജന്മനാൽ അത്യാസക്തിതോന്നാൻ കാരണമെന്തായിരിക്കും?

ഇനിയും ചോദ്യങ്ങൾ ചോദിച്ചുത്തരത്തിലേക്കെത്തുക. അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും പോകാതെ മുന്നേറുക.

ആത്മാവ് വീണ്ടും വീണ്ടും പുതിയശരീരം സ്വീകരിക്കുന്നുവെങ്കിൽ പിന്നെ പിതൃകർമ്മം ചെയ്യുന്നതെന്തിന്? പിതൃകർമ്മത്തിൽ പ്രാധാന്യമുള്ളതുകൊണ്ടും മുൻതലമുറകളോടുള്ള നന്ദിപ്രകടനമായും ആണ് അതു നടക്കുന്നത്.



Scanned with CamScanner

🙏 പിതൃക്കളുടെ വിശപ്പടക്കാനോ അവരുടെ ആത്മാവിന്റെ കൂടെക്കൊണ്ടു പോകുന്ന കർമ്മഫലം ഇല്ലാതാക്കാനോ അല്ല.

🙏 മഹാത്മാഗാന്ധി ജനിച്ചു, ജീവിച്ചു, മരിച്ചു. ഇന്നും അദ്ദേഹത്തിന്റെ ജന്മദിനം അവധിക്കൊടുക്കുന്നതുപോലെ, നമ്മുടെ പൂർവ്വജരുടെ ആത്മാവ് പുതിയ ശരീരം പുനർജന്മത്തിലൂടെ സ്വീകരിച്ചാലും അവർക്ക് മോക്ഷം കിട്ടിയാലും ഇല്ലെങ്കിലും അവരോടുള്ള നമ്മുടെ കടപ്പാട് വർഷത്തിലൊരിക്കൽ ഒരു മണിക്കൂർ സമയം അതിനായി ചിലവഴിച്ച് ആചാരിക്കുന്നതിലൂടെ നിറവേറുന്നു. മഹത്വമേറിയ ഈ കർമ്മത്തിലൂടെ എല്ലാവരോടുമുള്ള കടപ്പാടറിയിക്കലുമുണ്ട്.

ദാസന്മാർക്ക്, ഭൃത്യന്മാർക്ക്, ആശ്രിതന്മാർക്ക്, സേവകന്മാർക്ക്, മിത്രങ്ങൾക്ക്, സുഹൃത്തുക്കൾക്ക്, ജന്തുജാലങ്ങൾക്ക്, സസ്യലതാദികൾക്ക്, നേരിട്ടുവന്നും പരോക്ഷമായും സഹായിച്ചവർക്ക്, ജന്മജന്മാന്തരത്തിൽ സഹായിച്ചവർക്ക്, അമ്മയുടേയും, അച്ഛന്റേയും, ഭാര്യയുടേയും, ഭർത്താവിന്റേയും വംശത്തിൽ പെട്ടവർക്ക്, എൽ.കെ.ജി. മുതൽ പഠിപ്പിച്ച അദ്ധ്യാപകരുടെ വംശത്തിൽപ്പെട്ടവർക്ക്... ഏഴു ഭൂഖണ്ഡങ്ങളിൽ വസിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ എന്നെയും എന്റെ കുടുംബത്തേയും സമൂഹത്തേയും രാഷ്ട്രത്തേയും സഹായിച്ചവർക്ക്... നന്ദിപറയലാണ് പിതൃകർമ്മം. അതുകൊണ്ട് നമ്മുടെ മാതാപിതാക്കളുടെ ആത്മാവ് പുനർജനിച്ചാലും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പോയാലും പിതൃകർമ്മം, നാം ജീവിച്ചിരിക്കുന്നതുവരെ, അനുഷ്ഠിക്കണം.

**മനസ്-ചിന്തകൾ-കർമ്മങ്ങൾ-കർമ്മഫലങ്ങൾ-കർമ്മപ്രതിഫലങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.**

🙏 മനസ്സിലും, കർമ്മങ്ങളിലും മാറ്റമൊന്നും വരുത്താതെ ഭാഗവതം കേട്ടാലും, പ്രാർത്ഥിച്ചാലും, കീർത്തനം ചൊല്ലിയാലും, പൂജ നടത്തിയാലും, വഴിപാടുകൾ നടത്തിയാലും, യാഗം ചെയ്താലും, സ്വന്തം വീട്ടിൽ ഇഷ്ടംപോലെ തിന്നാനുള്ളവർക്ക് ഭക്ഷണം കൊടുത്താലും, ആനയെ നടക്കിരുത്തിയാലും, ആഡംബരങ്ങളോടെയുള്ള ക്ഷേത്രആഘോഷങ്ങൾ sponsor ചെയ്താലും പുണ്യമുണ്ടോ?

🙏 ക്ഷേത്ര ദർശനം, വഴിപാട്, ഇവ ദേവയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, ഋഷിയജ്ഞം, മനുഷ്യയജ്ഞം എന്നീ പഞ്ചമഹായജ്ഞങ്ങളിൽ പങ്കെടുത്ത് അനവധി വ്യക്തികൾക്കാവശ്യമായി ക്ഷേത്രം നിലനിർത്താനായതിനാൽ ക്ഷേത്രവുമായി ബന്ധപ്പെട്ട പുണ്യത്തെ ശാസ്ത്രീയമായി വിശകലനം ചെയ്യണം



Scanned with CamScanner

🪔 ഒരു ക്ഷേത്രം ഒരു ദേശത്തെ ജനതയ്ക്ക് ഏറെ പ്രയോജനപ്പെടുന്നതുകൊണ്ടാണ്, ക്ഷേത്രനിർമ്മാണവും വഴിപാടുകളും പുണ്യമാകുന്നത്.

🪔 അതുകൊണ്ട് ധാരാളം സമ്പത്തുള്ള ക്ഷേത്രത്തിൽ വഴിപാട് നടത്തുന്നതിനേക്കാൾ ഉത്തമവവും പുണ്യവും ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ക്ഷേത്രത്തെ പുനരുദ്ധരിക്കാനായി സംഭാവന ചെയ്യുന്നതാണ്.

🪔 ക്ഷേത്രത്തിൽ ബാലെ, ബ്രേക്ക്ഡാൻസ്, സിനിമാറ്റിക് ഡാൻസ്, ഗാനമേള ഇവ ജനതയ്ക്ക് ആത്മീയ ചൈതന്യം നൽകില്ലെങ്കിൽ അതു സ്പോൺസർ ചെയ്യുന്നവനും പുണ്യം ലഭിക്കുകില്ല.

🪔 ഭാഗവതം കേൾക്കാത്തവർക്ക് അന്നദാനം ചെയ്താൽ പുണ്യമുണ്ടാകില്ല.

🪔 തീരാദുഃഖമനുഭവിച്ച് ആനയെ ഉത്സവത്തിന് സ്പോൺസർ ചെയ്താൽ മഹാപാപമാണുണ്ടാകുക.

🪔 മനസ്സിലും പ്രവൃത്തിയിലും ഒരു മാറ്റവും വരുത്താതെ ആയിരം നാളികേരം തീയിലിട്ട് ഗണപതിഹോമത്തിന്റെ പേരിൽ ഹോമിച്ചാൽ പുണ്യം ലഭിക്കില്ല.

🪔 അനാഥരേയും, വൃദ്ധരേയും, രോഗികളേയും, വിശക്കുന്നവരേയും സേവിക്കുന്നതിന്റെ മറ്റൊരു പേരാണ് നരസേവ നാരായണ സേവ, ജനസേവ ജനാർദ്ദനസേവ, മാനവസേവ മാധവസേവ.

🪔 പ്രകൃതിയും അതിലെ ചരാചരങ്ങളും നന്മ വരുത്തുന്നതിനാൽ. പ്രകൃതി/ഗംഗ/ഹിമാലയ/വൃക്ഷ/മൃഗ/ജീവി..... പൂജകളും ആരാധനയും പുണ്യമാകുന്നത്.

ഓർമ്മിക്കുക! സന്മനസ്സിൽ നിന്നുവരുന്ന സത്ചിന്തകളിൽ നിന്നുവരുന്ന സത്കർമ്മങ്ങളും സത്കർമ്മഫലങ്ങളും (പുണ്യം) സത്കർമ്മ പ്രതിഫലങ്ങളും (സ്വർഗം) ലക്ഷ്യമിടണം. ദുഷ്ചിന്തകളും, ദുഷ്കർമ്മങ്ങളും (പാപകർമ്മങ്ങൾ) ദുഷ്കർമ്മഫലങ്ങളും (പാപം) ദുഷ്കർമ്മപ്രതിഫലങ്ങളും (നരകം) വർജ്ജിക്കണം.

നമ്മുടെ പാപം മറ്റാരും ഏറ്റെടുക്കില്ല. ദൈവം, നരകം വിധിക്കുന്ന ജഡ്ജിയുമല്ല, ഐജിയുമല്ല. സ്വർഗവും നരകവും പ്രകൃതിയുടെ നിയമപാലനം മാത്രം. എല്ലാവരുടേയും കണക്കുകൾ പ്രകൃതി തെളിഞ്ഞിരുന്നു കുറിക്കുന്നതിനാൽ പ്രകൃതിയെ ചിത്രഗുപ്തനെന്നു പറയുന്നു. കാലം (കാലൻ) യാമം (യമൻ) ആണ് പ്രകൃതിയുടെ ശിക്ഷ വിധിക്കുന്നത്. കാലം വരുന്നത് വിവേകം കുറഞ്ഞ പോത്തിന്റെ പുറത്താണ്. എപ്പോൾ വേണമെങ്കിലും എവിടെ വേണമെങ്കിലും വിവേചനമില്ലാതെ കാലം വന്ന് നമ്മുടെ ശ്വാസം കയറിട്ടെടുത്തു കൊണ്ടുപോകും!



Scanned with CamScanner

ഇന്നുവരെ നിങ്ങൾ ചോദിച്ചിരിക്കാൻ സാധ്യതയുള്ള സത്കർമ്മഫലങ്ങളെക്കുറിച്ചും ദുഷ്കർമ്മഫലങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം അഗാധമായ വിവരണം, അത്യാധുനിക ശാസ്ത്രത്തിന്റെ പിൻബലത്തോടെ ബ്രയൻവയ്സ് തെളിയിച്ച പുനർജനനത്തിന്റെ യാഥാർത്ഥ്യവും ചേർത്ത് നൽകുന്നു. ഭാരതീയ വിവരണങ്ങളും ഭാരതീയ പൈതൃകചിന്തകൾ എത്രത്തോളം ശാസ്ത്രമാണെന്ന് തെളിവു സഹിതമുള്ള വിവരണവും ഇതിലുലുണ്ട്. ഇതെല്ലാമാണ് ഈ പുസ്തകത്തിലുള്ളത്

Scanned with CamScanner